# സീതി സാഹിബ് എച്ച് എസ് എസ്

## ഡിജിറ്റൽ മാഗസിൻ
## ലിറ്റിൽ കൈറ്റ്സ്

# സമർപ്പണം

2022-2025 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ മലയാളം കമ്പ്യൂട്ടിങ് പരിശീലനത്തിന്റെ ഭാഗമായി തളിപ്പറമ്പ സീതിസാഹിബ് ഹയർ സെക്കന്ററി യൂണിറ്റിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സർഗാത്മക സൃഷ്ടികൾ ലഹരിയായി മാറ്റി വിദ്യാർത്ഥി ജീവിതം ക്രിയാത്മകമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയാറാക്കിയ ഡിജിറ്റൽ മാഗസിനാണ് "ചിറക്". നല്ല വായനയിലൂടെ അറിവിന്റെ മായാലോകത്തേക്ക് പറന്നുയരാൻ "ചിറക്" എല്ലാവർക്കും സഹായകരമാകട്ടെ എന്ന പ്രാർത്ഥനയോടെ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

# ആശംസ

സീതി സാഹിബ് എച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു, ഒപ്പം എല്ലാ ശ്രമങ്ങളും വിജയിക്കട്ടെ.



ഹാഷിം ടി
(ഹെഡ്മാസ്റ്റർ)

# ആശംസ

കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുകേഷൻ ഹൈസ്കൂളുകളിൽ ആരംഭിച്ച ലിറ്റിസ് കൈറ്റസ് എന്ന പദ്ധതി ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ്. സ്കൂളുകൾ ഹൈടക്ക് നിലവാരത്തിലേക്ക് ഉയരുന്നതോടൊപ്പം പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും സാങ്കേതിക മികവ് കൈവരിച്ചുക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി സീതി സാഹിബ് ഹയർസെക്കൻഡറി സ്കൂൾ ലിറ്റിസ് കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



പി കെ സുബൈർ
(മാനേജർ)

# ആശംസ

വിദ്യാർത്ഥികളിൽ സാങ്കേതിക പരിജ്ഞാനം പരിപോഷിപ്പിക്കുവാൻ വേണ്ടി കൈറ്റിന്റെ കീഴിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ പ്രവർത്തനം ഏറെ പ്രശംസ അർഹിക്കുന്നു. ഇതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് സീതി സാഹിബ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ എല്ലാവിധ ആശംസകളും നേരുന്നു.



കെ വി ടി മുസ്തഫ
(സ്റ്റാഫ് സെക്രട്ടറി)

# ആശംസ

സീതി സാഹിബ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിന് പിന്നിൽ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ ഞാൻ അഭിനന്ദിക്കുന്നു.



മുഹമ്മദ് കൊടിയിൽ
(പി ടി എ പ്രസിഡന്റ്)

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർസ്:

നസൽ നൗഫൽ

അർജുൻ പണിക്കർ




## എഡിറ്റർസ്:

അഞ്ജുഷ് ശ്രീദേവ്





## സ്റ്റാഫ് എഡിറ്റർ

കൗലത്ത് ടി കെ

## അംഗങ്ങൾ:

നാജിൽ

റാസി

# ഉള്ളടക്കം


1.എന്റെ കേരളം

2.സോഷ്യൽ മീഡിയയിൽ മുങ്ങിപ്പോകുന്ന വിദ്യാർത്ഥി സമൂഹം

3.മായൻ കടുവ

4.അഞ്ചിന്റെ മൊഞ്ചിൽ ക്യാമ്പൂരി

5.തുരുമ്പ് പിടിച്ച വാതിൽ

6.സകാത്ത്

7.Time, Disease and Death

8.The Sun

9.മേഘങ്ങൾക്കിടയിലൂടെ

10.സകാത്ത്

11.വായനയെ മറന്നു പോകുന്ന വിദ്യാർത്ഥി സമൂഹം

12.ആഴ്ന്നിറങ്ങുന്ന മഴയെക്കാളും

13. [illegible]

14.സുഹൃത്ത്

15.തണൽ

16.NUTS, NMMS, NTSE

17.CHILD LABOUR

18.ചിറക് (Library)

19.About school

20.പെരുകുന്ന ബൈക്ക് അപകടങ്ങളും പൊലിയുന്ന ജീവിതങ്ങളും.

21.വീണ്ടും അക്ഷര മുറ്റത്തേക്ക്

22.തിരികെ വരുമോ ആ ദിനങ്ങൾ....

23.ഒരു സ്റ്റേറ്റ് ക്യാമ്പ് ഓർമ്മ

24.The Rise of the Smartphone: A Technology Revolution

25.കലോത്സവം

26.Sports

27.SPC, Scout and Guides, Little Kites, JRC

28.ലഹരിയിൽ മുങ്ങിയ യുവ തലമുറ

29.LITTLE KITES ACTIVITIES

30.നന്ദി

# എഡിറ്റോറിയൽ

സർഗാത്മകതയുടെ നീലാകാശം
ഉറക്കെ വിളിക്കുമ്പോൾ,
കുഞ്ഞക്ഷരങ്ങൾക്ക് ചിറകു
മുളക്കാതിരിക്കുമോ?
കുഞ്ഞു വിരലുകളാൽ കോറിയിട്ട
അക്ഷരങ്ങളെ പ്രതീക്ഷകളുടെ
ആകാശത്തിലേക്ക് പറത്തി
വിടുകയാണ്. സ്വീകരിക്കുക.



ചീഫ് എഡിറ്റർ

# മായൻ കടുവ

ശ്രീ ദേവലാൽ ചെറുകരയുടെ ബാലസാഹിത്യ നോവലായ 'മായൻ കടുവ' പ്രകൃതിയുടെ കഥയാണ്...

ഹരിയുടെ അനിയനായ ശ്രീക്കുട്ടനെ കുപ്പുസ്വാമി കാട്ടിലെ നിധി അന്വേഷിച്ചു പോകാൻ കൂടെ കൂട്ടുന്നു... അവർ പോയിരിക്കുന്നത് മായൻകടുവയുടെ വാസസ്ഥലമായ കാട്ടിലേക്കാണ്.

ഹരിയുടെ അഭ്യർത്ഥന പ്രകാരം കൊലുമ്പൻ മൂപ്പൻ ശ്രീക്കുട്ടനെ രക്ഷിക്കാൻ കാടുകയറുകയാണ്..

കാട്ടിൽ മൂപ്പൻ കണ്ടതും ഓർമ്മയിൽ തെളിഞ്ഞതും മൂപ്പൻ കണ്ട മൃഗങ്ങളുടെ ഓർമ്മയായും ജീവിതമായും കാടിന്റെ ആവാസ വ്യവസ്ഥയും മൃഗങ്ങളുടെയും പക്ഷികളുടെയും ജീവിതരീതികളും എല്ലാം ശാസ്ത്രീയമായി തന്നെ പങ്കുവയ്ക്കുകയാണ് ദേവലാൽ ചെറുകര മായൻ കടുവ എന്ന ഈ നോവലിലൂടെ...




കാടിന്റെ വന്യതയും മനോഹാരിതയും കാട്ടുമൃഗങ്ങളുടെ ക്രൂരതയും, സഹകരണ മനോഭാവവും പക്ഷികളുടെയും പാമ്പുകളുടെയും ആന, കുറുക്കൻ, സിംഹം, കരടി, എന്നിങ്ങനെ ഓരോ ജീവജാലങ്ങളുടെയും ആവാസ വ്യവസ്ഥയെക്കുറിച്ചും ഇര തേടലുകളുടെ പ്രത്യേകതയെക്കുറിച്ചും എല്ലാം വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട് ഈ കൃതിയിൽ..

"മനുഷ്യൻ ഇല്ലാത്ത കാര്യങ്ങൾക്ക് വേണ്ടിയാണ് ജീവൻ കളയുന്നത് ഉള്ളതിന് പിറകെ പോകാൻ അവൻ തയ്യാറല്ല ഇല്ലാത്തത് എങ്ങനെ കണ്ടെത്തും"

ഇല്ലാത്തതിന് പുറകെ അഥവാ വേണ്ടാത്ത കാര്യങ്ങൾക്കും അനാവശ്യ കാര്യങ്ങൾക്കും പുറകെ പോകാൻ മനുഷ്യനെപ്പോഴും തല്പരനാണല്ലോ...

എല്ലാ മൃഗങ്ങളും പ്രകൃതിയോട് ഇണങ്ങി ജീവിക്കുമ്പോൾ മനുഷ്യൻ മാത്രം പ്രകൃതിയെ നശിപ്പിക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം..

കുട്ടികൾ ജീവിതത്തിൽ പകർത്തേണ്ട നന്മകളും പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകതയും എല്ലാം ഉദാഹരണസഹിതം പറയുന്ന മായൻ കടുവ കുട്ടികൾക്കും മുതിർന്നവർക്കും വിനോദത്തോടൊപ്പം വിജ്ഞാനവും പ്രദാനം ചെയ്യും എന്ന കാര്യം തീർച്ചയാണ്...

ഉദ്വേഗജനകമായ കഥാഗതിയും ഈ കുട്ടികളുടെ നോവലിനുണ്ട്... കഥ പറഞ്ഞു പോകുന്ന രീതി കൊണ്ടും മനോഹരമാകുന്നുണ്ട് മായൻ കടുവ...

ജമീലത് ലൈബ എ ൯ E


# സോഷ്യൽ മീഡിയയിൽ മുങ്ങിപ്പോകുന്ന വിദ്യാർത്ഥി സമൂഹം

ആ ഫോൺ ഒന്ന് താഴെ വെച്ച് കൂടെ, ഒരുമിനുട്ട് നേരമെങ്കിലും ആ സാധനം കയ്യിലില്ലാതെ കാണാനുള്ള കൊതി കൊണ്ടാണ് അതിങ്ങനെ ചൊട്ടുന്ന സമയം കൊണ്ട് പോയിരുന്ന് പഠിച്ചു കൂടെ വീടിന്റെ അകത്തളങ്ങളിൽ ഇന്ന് സ്ഥിരമായി കേൾക്കുന്ന മുതിർന്നവരുടെ ആശങ്കയുടെ ശബ്ദമാണത്. ഇന്നത്തെ വിദ്യാർത്ഥി സമൂഹം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം. യഥാർത്ഥത്തിൽ ഫോൺ എന്ന ഉപകാരണത്തോടല്ല അഡിക്ഷൻ, അതിനുള്ളിലെ വിവിധ തരം ആപ്പുകളോടാണ്. ഒരു പരിധി വരെ ഓൺലൈൻ പഠന സമയത്തുണ്ടായ ഫോൺ ഉപയോഗമാണ് കുട്ടികളെ അഡിക്ഷനിലേയ്ക്ക് എത്തിച്ചത്. ഓൺലൈൻ പഠനത്തിന് ഉപയോഗിച്ച ഫോണിലെ സ്ക്രീനുകളിലെ കാഴ്ചകൾ കുട്ടികൾ മറ്റു പല കാര്യത്തിന് ഉപയോഗിച്ചതും, രക്ഷിതാക്കളുടെ ഭാഗത്ത്നിന്നുണ്ടായ ശ്രദ്ധയില്ലായ്മയും, നിയന്ത്രണമില്ലായ്മയും ആണ് വിദ്യാർത്ഥി സമൂഹം സോഷ്യൽ മീഡിയയിൽ മുങ്ങിപ്പോയത്. പലർക്കും ഇതിൽ നിന്ന് പുറത്തു കടക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും എങ്ങനെ ഇതിൽ നിന്ന് രക്ഷപ്പെടണമെന്ന് അറിയില്ല. പലരും ഒന്നും ചെയ്യാനില്ലാതെ മാറി നിൽക്കുമ്പോഴാണ് ഫോൺ എന്ന അഡിക്ഷനിലേക്ക് വഴി തെറ്റുന്നത്. പഠന കാര്യത്തിൽ കൂടുതൽ ഏർപെടേണ്ട വിദ്യാർഥികൾ ആ സമയത്തു പഠനത്തിൽ ഉഴപ്പി നടക്കുന്നതും പാഠ്യപാഠ്യേതര വിഷയങ്ങളിൽ പിന്നോട്ടു വലിയുന്നതും ഫോണിലേക്കുള്ള കുട്ടികളുടെ ആവേശം കൂട്ടുന്നു. കൂടുതൽ സൗഹൃദങ്ങൾ ഇല്ലാത്തതും, സഹജീവികളോടുള്ള കരുണ കുറയുന്നതും, പ്രകൃതിയോടുള്ള ഇടപഴകൽ കുറയുന്നതും ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിന്റെ പോരായ്മയാണ്. പ്രകൃതിയിലേക്ക് ഇറങ്ങി ചെന്ന് കളിക്കാതെ വീട്ടിനുള്ളിലെ അടച്ചിട്ട മുറിയിൽ തന്റെ പ്രിയ കൂട്ടുകാരനായ ഫോണിലൂടെ പല ഗെയിമുകളും, അങ്ങനെ പല ആപ്പുകളിലും കയറിയിറങ്ങി ബുദ്ധിയുടെ വികാസങ്ങൾ ഇല്ലാതാക്കുന്നു. എവിടെയാണ് തനിക്ക് പിഴച്ചതെന്ന് സ്വയം തിരിച്ചറിയുകയും, കൂടുതൽ സമയം പഠന കാര്യത്തിലേക്കും, വായനയിലേക്കും, ചുറ്റിലുമുള്ള കാഴ്ചകളിലേക്കും ഇറങ്ങി ചെന്നാൽ ഒരു പരിധി വരെ ഫോൺ ഉപയോഗം കുറക്കാം. സോഷ്യൽ മീഡിയയിലെ റീൽസുകളും, ഗെയിമുകളും, ടിക്ടോക്, ൻസ്റ്റാഗ്രാം, യൂട്യൂബ്, ഫേസ്ബുക് എന്നിവയുടെ നല്ല ഉപയോഗങ്ങളേക്കാൾ വിദ്യാർത്ഥികളെ കാത്തിരിക്കുന്നത് ചതിക്കുഴികളും മറ്റു അപകടങ്ങളുമാണെന്ന അവബോധം കുട്ടികൾ തന്നെ ഉണ്ടാക്കിയെടുക്കണം. സോഷ്യൽ മീഡിയയിലുള്ളത് മുഴുവനും യാഥാർഥ്യം അല്ല എന്നും തനിക്കൊരു ലക്ഷ്യമുണ്ടെന്നും ആ ലക്ഷ്യത്തിലെത്തണമെങ്കിൽ ചിലത് ത്യജിക്കണമെന്നും ഇപ്പോൾ മധുരമെന്ന് തോന്നുന്നത് നാളെ കയ്പേറിയ അനുഭവങ്ങളാകുമെന്ന ബോധം വിദ്യാർത്ഥി സമൂഹം മനസ്സിലാക്കി തുടങ്ങിയാൽ സോഷ്യൽ മീഡിയയിൽ നിന്നും രക്ഷ നേടാം ഇന്നത്തെ യുഗത്തിൽ പൂർണമായും ഉപേക്ഷിക്കാൻ കഴിയില്ലെങ്കിലും അത്യാവശ്യ ഘട്ടങ്ങളിൽ എത്രമാത്രം ഉപയോഗിക്കണമെന്ന ചിന്താഗതി ഉണ്ടാക്കിയെ ടുക്കുക പരിധിയും നിശ്ചയിക്കുക. സോഷ്യൽ മീഡിയ അഡിക്ഷൻ കുറക്കാൻ ആദ്യമൊന്ന് പാട് പെടുമെങ്കിലും ഉപയോഗം കുറച്ചാൽ വിദ്യാർത്ഥി സമൂഹത്തിലൂടെ വാർത്തെടുക്കുന്നത് ഉണർവുള്ള, ഊർജസ്വല തയുള്ള ഒരു തലമുറയെയാണ്. സമൂഹത്തിനു ആവശ്യവും അത് തന്നെ. കേട്ടിട്ടില്ലെ "മിന്നുന്നതെല്ലാം പൊന്നല്ല ".

Jalwa 8 K







# എന്റെ കേരളം

പാട്ടും പുഴകളും തോട്ടും
മോടി കൂട്ടും മലരണിക്കാട്ടും
നീളെ കളകളം പാട്ടും
കാട്ടു ചോലയുമാമണിമേട്ടും
വെള്ളയരഞ്ഞാണം
പൊലെ
ചുറ്റും തുള്ളിക്കളിക്കും കടലും
കായലും നീലമലയും
നീളെ കോരിത്തരിക്കും
വയലും
പീലി നിവർത്തിനിന്നാട്ടും
കൊച്ചു
കേരമരതകത്തോപ്പും
നീളെ കുളിരൊളി നീങ്ങി
എന്റെ കേരളമെന്തൊരു
ഭംഗി !

Layana K
9 T

# അഞ്ചിന്റെ മൊഞ്ചിൽ ക്യാമ്പൂരി

സ്നേഹത്തോടെ....

വർണിക്കാനാവാത്ത ചില ക്യാമ്പൂരി അനുഭവങ്ങൾ....!

വിശ്വ പൗരസൃഷ്ടിതൻ ലക്ഷ്യപൂരണത്തിനായി ഒരുമ തേടി നിൽപ്പു നാം ഒരു കുടയ്ക്കു കീഴിലായി.....

അതേ....ഒത്തൊരുമയോടെ, ഒരു കുടയ്ക്കു കീഴിലായി കഴിഞ്ഞു പോയ ആ 5 ദിനങ്ങൾ ഇനി ലഭിക്കുമോ.....?? മനസ്സിൽ ആകപ്പാടെ ഒരു നീറ്റൽ.

എന്തിന്...?

അതാണ് അറിയാത്തത് വാശിയുടെയും,ആഹ്ലാദത്തിന്റെയും 5 ദിനങ്ങൾ ആയിരുന്നു കഴിഞ്ഞു പോയത്! വാശി മാത്രമായിരുന്നില്ല, കൂട്ടിനായി അധ്യാപകർ, തമാശ കൂടാൻ കൂട്ടുകാർ, സഹായിക്കാൻ ഓടിയെത്തുന്ന സേവകർ.



മലപ്പുറം കോട്ടക്കൽ GOVT RAJAS HSS ൽ വെച്ച് നടന്ന ഇമ്പമാർന്ന ക്യാമ്പൂരി 31-12-23 ഞായർ രാവിലെ 9:00 മണിയോടെ അവസാനിച്ചു.

ഇഷ്ടപ്പെട്ട് അധ്വാനിച്ച് 41 വിദ്യാഭ്യാസ ജില്ലകളുമായി മത്സരിച്ച് ഇരുപതിമൂന്നാമത് സ്റ്റേറ്റ് ക്യാമ്പൂരിയിൽ തളിപ്പറമ്പ് സന്തോഷപൂർവ്വം മൂന്നാം സ്ഥാനം കരസ്ഥമാക്കി....

ഈ വിജയം ഒരു പൂ പറിക്കുന്ന ലാഘവത്തോടെ കാണാൻ കഴിയില്ല. മണ്ണ് കിളച്ച് വിത്ത് പാകി വെള്ളവും,വളവുമിട്ട് അധ്വാനിച്ച് നേടിയെടുത്ത പത്തരമാറ്റുള്ള വിജയമാണ്

പല ദിവസങ്ങളിലായി ഒത്തുകൂടിയതിന്റെ വിജയമാണ് ഇത് തന്നെ എന്ന് പറയണം,കാരണം വേർതിരിവില്ലാതെ എല്ലാവരുമായി ഒരുമിച്ച് കൂടി പ്രാക്ടീസ് ചെയ്ത ദിവസങ്ങൾ ഇപ്പോഴും ഓർക്കുന്നു

പുറമെ കാണുന്ന ഓരോരുത്തരുടെയും ഉള്ളിൽ ഇത്രമാത്രം കഴിവ് ഉണ്ടോ എന്നുള്ള ഒരു വലിയ സംശയം എന്റെ മനസ്സിനെ അലട്ടി. കാരണം,നാടൻ പാട്ട് മുതൽ പെജന്റ് ഷോ വരെയുള്ള ഓരോരുത്തരുടെയും, വിവിധതര പരിപാടികൾ കാണുമ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷമായിരുന്നു.

ഓരോ പട്രോളിനും ലഭിച്ച ടെന്റുകൾ എത്ര മാത്രം ഭംഗിയാക്കാൻ കഴിയുന്നുവോ അത്രമാത്രം മനോഹരമാക്കി തുടങ്ങി.യൂണിഫോം ആറിയിടാനുള്ള അയൽ മുതൽ പാത്രങ്ങൾ വെക്കാനുള്ള ഗാഡ്ജെറ്റ് വരെ...

കണ്ടു പരിചയമില്ലാത്ത ഒരുപാട് പുതുമുഖങ്ങൾ, വന്നു പരിചയപ്പെടുമ്പോൾ നിറഞ്ഞ സന്തോഷമായിരുന്നു. ഉറക്കമില്ലാതെ പലതും പറഞ്ഞ് ചിരിച്ചു രസിച്ച രാത്രികൾ....



സംസ്ഥാനത്തിലെ വ്യത്യസ്ത ജില്ലകളിൽ നിന്ന് വന്ന പുതിയ സുഹൃത്തുക്കളുടെ പേര് ക്യാമ്പൂരി ഡയറിയിൽ കുറിച്ച് വെക്കുമ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷമായിരുന്നു,ഒരുപാട് പുതിയ സുഹൃത്തുക്കളെ കിട്ടിയതിൽ.

തോൽവിയെയും, വിജയത്തെയും ഒരുപോലെ നേരിടാൻ പഠിക്കണം എന്ന വിശ്വാസത്തോടെ എല്ലാവരും അഡ്വഞ്ചർ ആക്ടിവിറ്റീസിൽ പങ്കെടുത്തു. പക്ഷെ അവിടെയും എല്ലാവരും വിജയം കരസ്ഥമാക്കി.

എന്നെ കൊണ്ട് പറ്റില്ല എന്ന് പറയുന്ന പലയിടത്തും,വാശിയുടെ നിമിഷങ്ങൾ ആയിരിന്നു.

ഒറ്റവാക്കിൽ പറഞ്ഞാൽ.ക്യാമ്പൂരിയെ വർണിക്കാൻ എനിക്ക് അറിയില്ല കാരണം അത് അനുഭവിച്ചേ മതിയാവൂ...!

എല്ലാം കൃത്യമായ പ്ലാനിങ്ങോടെയായിരുന്നു അധ്യാപകർ കൈ കൊണ്ടത്. സ്വന്തം ആവശ്യങ്ങൾ മാറ്റി നിർത്തി ഞങ്ങളുടെ വിജയത്തിന് പരിശ്രമിച്ച പ്രിയ അധ്യാപകരെ.... ഇത് നമ്മൾ നേടിയെടുത്ത വിജയമാണ്....

ഈ വിജയത്തിന് ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത്, മറക്കാൻ ആവാത്ത ഓർമകൾ അനുഭവിക്കാൻ കഴിയട്ടെ എന്ന വാക്കുകളോടെ പറഞ്ഞയച്ച ഞങ്ങളുടെ രക്ഷിതാക്കൾ ആയിരിന്നു.

നന്ദിയുണ്ട്.....

എല്ലാത്തിനും ഒത്തൊരുമയോടെ...കൂടെ നിന്ന അധ്യാപകർക്ക്

ഇഷ്ടപ്പെട്ട് അധ്വാനിച്ച പ്രിയ കൂട്ടുകാർക്ക്

പ്രാർത്ഥനയോടെ കൂടെ നിന്ന രക്ഷിതാക്കൾക്ക്...!

അതിലുപരി മലപ്പുറത്തിന്റെ മണ്ണിൽ സ്വന്തക്കാരെ പോലെ ഞങ്ങളെ സ്വീകരിച്ച GOVT RAJAS HSS ന് പ്രോഗ്രാം കമ്മിറ്റിക്ക് നന്ദി....നന്ദി...നന്ദി...

വർണിക്കാനാവാത്ത എന്റെ അനുഭവങ്ങൾ,വെറും എഴുതുകളിൽ പകർത്താൻ കഴിയില്ല.... എഴുത്തുകളൊന്നും പകരമാവില്ലെങ്കിലും 5 ദിവസങ്ങളിൽ ഞങ്ങളിൽ ജീവിച്ചതിന് നന്ദി...!

ഇടറുന്ന മനമോടെ ഇനി നിങ്ങളെ കുറിച്ച് എന്തെഴുതാൻ...? പിരിഞ്ഞു പോയ ഈ വസന്തത്തോട് ഈ ഞങ്ങൾ ഇനി എന്ത് പറയുവാൻ....

വീണ്ടും എല്ലാവരെയും കാണും എന്ന പ്രതീക്ഷയോടെ

Ramseena M P

Seethi Sahib HSS Guide (Taliparamba district)

# തുരുമ്പ് പിടിച്ച വാതിൽ

നിലാവുള്ള രാത്രി അയാൾ ജനലിലൂടെ നിലാവിനെ നോക്കി ഇരിക്കുകയായിരുന്നു. മറക്കാം എന്ന് കരുതിയ ഓർമ്മകൾ അയാൾ വീണ്ടും ഓർത്തുപോയി......

അയാൾക്ക് മൂന്ന് ആൺമക്കളായിരുന്നു. മൂന്നുപേർക്കും ഉന്നത വിദ്യാഭ്യാസം നൽകി നല്ല നിലയിൽ എത്തിച്ചു. കദീജു മരിച്ചതിൽ പിന്നെയാണ് ദുഃഖകാലം തുടങ്ങിയത്. അപ്പുറത്തെ ബീരാൻ ആയിരുന്നു അയാളുടെ കൂട്ട്. ഏകാന്തതയിൽ ബീരാൻ തന്റെ കൂട്ടായി. മക്കൾ മൂന്നു പേരും ഭാര്യമാരും മക്കളുമായി വിദേശ രാജ്യങ്ങളിൽ ജോലിയിലായി. ആദ്യമൊക്കെ ഇടയ്ക്കിടെ വിളി വരാറുണ്ടെങ്കിലും പിന്നെ അതും ഇല്ലാതായി.
ആർക്കും വേണ്ടാതായി പോയി എന്ന് തോന്നിയ നിമിഷം! ഏകാന്തതക്ക് കൂട്ടായി തന്റെ കദീജുവിന്റെ ഓർമ്മകൾ മാത്രമായിരുന്നു. തുരുമ്പിച്ച വാതിലിന്റെ കരകരാ ശബ്ദം അയാളെ ചിന്തയിൽ നിന്നുണർത്തി.

പിന്നെ പിന്നെ ശരീരം ആകെ തളർന്നു പോയി. ബീരാൻ എന്തെങ്കിലും കൊണ്ടുവന്നാൽ ആയി. ഭക്ഷണത്തിന്റെ അഭാവം കാരണം ആകെ തളർന്നുപോയി.
ഒരു ദിവസം തളർന്നുവീണ കണ്ണു തുറന്നപ്പോൾ ആശുപത്രിയിലായിരുന്നു. രണ്ടുദിവസം കഴിഞ്ഞ് ഡിസ്ചാർജ് ആയെങ്കിലും വീട്ടിൽ തന്നെ ആരും കാത്തിരിക്കാത്തതുകൊണ്ട് വീട്ടിലേക്ക് പോകേണ്ട എന്ന് പറഞ്ഞു. പിന്നെ ആശുപത്രിക്കാരാണ് ഈ വൃദ്ധസദനത്തിൽ എത്തിച്ചത്. ഇപ്പോൾ നേരിയ ഒരു ആശ്വാസം തുരുമ്പിച്ച വാതിലിന്റെ കര കരാ ശബ്ദമാണ്.

ആഇശ ഹാദിയ എം. വി
VIII P

# Time, Disease and Death

In the depth of time where moments slumber,
a disease creeps in with a wicked mutter,
It steals away hour's, days and year's,
leaving behind only fears
and tears.



The name is death and it's a
thief at night.
A shadow that looms with a
wicked might.
It robs us of life with a cruel
delight,
leaving us empty with a sorrowful plight.

But still we fight, with a fierce light.
Against this disease, with a desperate resistance.
We search for a cure with a hopeful heart.
For the time we have is the precious part.

So let us cherish every moment we share,
For in the end that's all we'll bear.

Farha Sameer 8 L

# THE SUN

I love the sun
because,
When i see it, it
Just look like an
orange,
Reddish fire ball.
When there is no sun,
There is no life and
There is no earth.
When i see the sun
I feel happy because,
It is so beautiful.
Everybody loves the
sun.

SHAZNA.K
9th-N

# മേഘങ്ങൾക്കിടയിലൂടെ

ഞാൻ എട്ടാം ക്ലാസിൽ പഠിക്കുകയായിരുന്നു. ഓണം അടുക്കുകയാണ്. അമ്മയുടെ മനസ്സിലാണ് ആ ആശയം പൊട്ടിമുളച്ചത്. ഡൽഹിയിലേക്ക് ഒരു വിനോദയാത്ര പോയാലോ എന്ന്. അവിടെയാണ് ആപ്പനും ആന്റിയും താമസിക്കുന്നത്. അതുകൊണ്ടുതന്നെ രാത്രികൾ എവിടെ കഴിച്ചുകൂട്ടും എന്ന ചിന്ത വേണ്ട.അച്ഛൻ ആന്റിയെ ഫോണിൽ വിളിച്ചു. അവർക്കും ഇതിനെപ്പറ്റി നല്ല അഭിപ്രായം തന്നെ. അങ്ങനെ ഡൽഹിയിലേക്ക് വിനോദയാത്ര പോകാൻ തീരുമാനിച്ചു. എങ്ങനെയാണ് പോകുക? ട്രെയിനിൽ ആണോ? "അല്ല പ്ലെയിനിൽ!" അച്ഛൻ പറഞ്ഞു. അച്ഛൻ അത് വെറുതെ പറഞ്ഞതാണെന്ന് ഞാൻ കരുതി. പക്ഷേ തെറ്റി ശരിക്കും പ്ലെയിനിൽ തന്നെയായിരുന്നു പോകുന്നത്. അച്ഛൻ ടിക്കറ്റ് കാണിച്ചുതന്നപ്പോൾ എനിക്കത് വിശ്വാസമായി. ജീവിതത്തിൽ ഇതുവരെ പ്ലെയിനിൽ കയറിയിട്ടില്ല. ഞാൻ മാത്രമല്ല. അമ്മയും, അച്ഛനും, ചേച്ചിയും. അതുകൊണ്ടുതന്നെ ഓണാവധിക്കാലം ആകാൻ വേണ്ടി കാത്തുനിൽക്കുകയായിരുന്നു.

ഓണപ്പരീക്ഷ കഴിഞ്ഞു. പിറ്റേന്ന് സ്കൂളിലെ ഓണപ്പരിപാടിയും സദ്യയും. ഗംഭീരമായിരുന്നു. അങ്ങനെ സ്കൂൾ പൂട്ടി. വീട്ടിലേക്ക് വേഗം എത്തി. നാളെയാണ് പോകേണ്ടത്. അമ്മയും ചേച്ചിയും എന്തൊക്കെയോ പാക്ക് ചെയ്യുന്ന തിരക്കിലായിരുന്നു. ആ രാത്രി ഞാൻ എന്തൊക്കെയോ ചിന്തിച്ചു കൂട്ടി ഉറക്കത്തിലേക്ക് വീണു. രാവിലെ നേരത്തെ എഴുന്നേറ്റു. വേഗം റെഡിയായി എയർപോർട്ടിലേക്ക് പോകാൻ ഓട്ടോയെ വിളിച്ചു. ഓട്ടോ എത്തി. ഞങ്ങൾ പുറപ്പെട്ടു. എയർപോർട്ടിൽ എത്തി. വലിയ ബിൽഡിങ്ങുകൾ. ചെറിയ ചെടികൾ. ഒക്കെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. എയർപോർട്ടിൽ കയറി കുറച്ചു കഴിഞ്ഞപ്പോൾ ഒരു വിമാനം ദൂരെ ചെന്ന് ഇറങ്ങുന്നത് ഞാൻ അവിടത്തെ ജനാലയിലൂടെ കണ്ടു. ഞാൻ കരുതിയതിനെക്കാൾ വലുതായിരുന്നു അത്. വിമാനത്തിൽ കയറാൻ വേണ്ടിയുള്ള ത്വര അത് കണ്ടപ്പോൾ വീണ്ടും കൂടി. അങ്ങനെ ഒൻപത് മണിയാവുമ്പോഴേക്കും വിമാനത്തിൽ കയറേണ്ട സമയമായി. ഞങ്ങൾ കയറി. ചേച്ചി ജനാലയുടെ അടുത്ത് സീറ്റിൽ ചെന്നിരുന്നു. നടുക്കു ഞാൻ. തറ്റത്ത് അച്ഛൻ. അമ്മ അപ്പുറത്തെ സീറ്റുകളുടെ നിരയിലെ തറ്റത്തും. വിമാനം പൊങ്ങി. ശരീരമാകെ എന്തൊക്കെയോ അനുഭവപ്പെട്ടു. പിന്നെ അത് പോയി. ജനാലയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ വെള്ള മേഘങ്ങൾക്കിടയിലൂടെ അരിമണികൾ പോലെ കുറെ വീടുകളും വയലും ഒക്കെ കണ്ടു. ആ ഭംഗി വേണ്ടുവോളം ആസ്വദിച്ചു. ഫോട്ടോ എടുക്കാൻ മറന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ ഭക്ഷണം തരാനായി എയർഹോസ്റ്റസ് അവിടെ വന്നു. ഞങ്ങൾ അത് വാങ്ങി. തുറന്നു നോക്കി. പച്ചനിറത്തിലുള്ള ചിക്കൻ കറി. ആദ്യം കണ്ടപ്പോൾ ഇഷ്ടപ്പെട്ടില്ല. കഴിച്ചു നോക്കി. ഉഗ്രൻ. ദീർഘനേരം മേഘങ്ങൾക്കിടയിലൂടെ സഞ്ചരിച്ചു കഴിഞ്ഞപ്പോൾ വിമാനം താഴേക്ക് ഇറങ്ങുന്നതായി അനുഭവപ്പെട്ടു. ഞാൻ ജനാലയിലൂടെ താഴേക്കു നോക്കി. ഇന്ത്യയുടെ തലസ്ഥാനനഗരത്തിൽ എത്താൻ ഇനി ഏതാനും നിമിഷങ്ങൾ.

ഡൽഹി എത്തി. അവിടെ ഞങ്ങളെ കൂട്ടാൻ ആന്റിയുടെ മകനായ എൻ്റെ കസിൻ കാറുമായി വന്നിരുന്നു. ചേട്ടന്റെ കൂടെ ഞങ്ങൾ അവരുടെ വീട്ടിലേക്ക് പോയി. അങ്ങനെ ആ ഓണാവധിക്കാലം ഡൽഹിയിലെ മനോഹരമായ താജ് മഹലും, കുത്തബ്മിനാറും, ആഗ്ര കോട്ടയും ഒക്കെ കണ്ട് ആസ്വദിച്ച് തീർത്തു.

അർജ്ജുൻ ൯ T

# സകാത്ത്



മോളെ....

രാവിലെ പപ്പേട്ടന്റെ കടയിൽ നിന്ന്...പശുപ്പാൽ വാങ്ങാൻ വേണ്ടി വരിയിൽ നിൽക്കുമ്പോഴാ...മോളെ എന്ന് വിളിച്ചു കൊണ്ട് നന്നേ പ്രായമായ ഒരു ഉമ്മ എന്റരികിലേക്ക് വന്നത്

എന്താ ഉമ്മ....എന്തു പറ്റി?

മോളെ അങ്ങാടിയിലുള്ള ഏതെങ്കിലും ഒരു കടയിൽ നിന്ന് എനിക്ക് നിസ്കാരക്കുപ്പായം വാങ്ങണമായിരിന്നു,എനിക്ക് തീരെ വയ്യാ മോളെ, മോൾ ഒന്ന് എന്നെ സഹായിച്ചാൽ....

പ്രായമായ ആ ഉമ്മയെ കണ്ടപ്പോൾ, മാസങ്ങൾക്ക് മുൻപ് മരണപ്പെട്ടുപോയ വല്ലിമ്മയുടെ മുഖം മനസ്സിലേക്ക് ചിത്രമായി പതിഞ്ഞു.

ആഹാ, അതിനെന്താ ഉമ്മ വാങ്ങിതരാലോ..!

ഞാൻ ഈ പാലൊന്നു വാങ്ങട്ടെ ഇന്നലേ എന്നോട് വീട്ടിൽ ഒരാൾ വഴക്കിലാണ്

ന്തേ മോളെ? എന്തു പറ്റി
ന്റെ പൊന്നാര ഉമ്മച്ചി, ഇന്നലേ എന്നോട് പാൽ വാങ്ങാൻ ചെല്ലാൻ പറഞ്ഞിട്ട് ഞാൻ വന്നില്ല!

ഇനി ആൾടെ മുഖത്തൊരു പുഞ്ചിരി വിടരണേൽ....ഇതൊന്ന് അവിടെ എത്തിക്കണം.

പശുപ്പാലും കൈപറ്റി ഉമ്മാനോട് വേഗം വരാം എന്നും പറഞ്ഞ്, വീട്ടിലേക്ക് ആയിരിന്നു നടത്തം, ഉമ്മാനെ ഓർത്ത് നടത്തതിന്റെ വേഗത കൂടി.

ഒന്നും മിണ്ടാതെ ചവിട്ടു പടിയിലേക്ക് പാലും വെച്ച് ഒരു ഓട്ടമായിരുന്നു...

തിരിച്ചു ഉമ്മാനെയും കൂട്ടി ബാക്കി വന്ന പൈസ വെച്ച് ഓട്ടോയുമായി നല്ലൊരു വസ്ത്ര കടയിലേക്ക് പോയി....!

ഉമ്മ ഇങ്ങോട്ട് ഇരുന്നോളൂ...അവിടെ ഉണ്ടായിരുന്ന ഒരു കസേര എടുത്ത് ഞാൻ ഉമ്മാന്റെ അരികിലേക്കായി വെച്ചുകൊണ്ട് പറഞ്ഞു

ഉമ്മ ഇരുന്നതിന്റെ അരികിലായിട്ട്, കടന്റെ മുതലാളി വന്ന് ഉമ്മാനെ ഒന്ന് നോക്കി കൊണ്ട് ചോദിച്ചു..മ്മ് എന്താ വേണ്ടത്?



ഉമ്മ മറുപടി പറയും മുൻപേ ഞാൻ പറഞ്ഞു ഉമ്മാക്ക് നിസ്കാരകുപ്പായമാണ് വേണ്ടത്.

വില കൂടിയത് വേണോ അതോ കുറഞ്ഞത് വേണോ...?

മുതലാളിയുടെ ചോദ്യത്തിന മുമ്പിൽ ഉമ്മ ഒന്ന് പതറിയ പോലെ എനിക്ക് തോന്നി.

പറയൂ കൂടിയത് വേണോ അതോ കുറഞ്ഞതോ മുതലാളി വീണ്ടും ഉമ്മാനെ നോക്കികൊണ്ട് ചോദിച്ചു....?

കൂടിയത് വേണ്ട മോനെ കുറഞ്ഞത് മതി.

ഏറ്റവും കുറഞ്ഞത് 450 രൂപ വരും അത് മതിയോ?

കൈയിൽ ചുരുട്ടി പിടിച്ച നോട്ടിലേക്ക് ഒന്ന് നോക്കി ചെയറിൽ നിന്നും ഉമ്മ പതിയെ എഴുന്നേറ്റു കൊണ്ട് പതർച്ചയോടെ ചോദിച്ചു എന്റെ കയ്യിൽ 200 രൂപ ഉണ്ട് ബാക്കി പൈസ നാളെ കൊണ്ട് വന്നാൽ മതിയോ...? ഉമ്മാന്റെ ആ ചോദ്യം കേട്ടതും മുതലാളി, പിറു പിറുത്ത് പറയുന്നത് കേൾക്കാം(കസേര ഇട്ട് സ്വീകരിച്ച് ഇരുത്തുമ്പോ കൈയിൽ ക്യാഷ് ഉണ്ടോന്ന് ചോദിക്കാതെയാണോ ഇവിടെ പിടിച്ചിരുത്തിയത്)

മുതലാളിയുടെ വാക്കുകൾ ഉമ്മാടെ ചെവിയിൽ മുഴുകിയത് കൊണ്ട് ആവാം..!

ദയനീയമായി എന്നെ ഒന്ന് നോക്കി,ആ നോട്ടം എന്നെ വല്ലാതെ വേദനിപ്പിച്ചു... കൈയിൽ ക്യാഷ് ഇല്ലാഞ്ഞിട്ടല്ലേ ബാക്കി നാളെ തരാം എന്ന് പറഞ്ഞില്ലേ...അതിനെന്തിനാ ഇത്രയൊക്കെ പിറുപിറുക്കുന്നതെന്ന്...ചോദിക്കണമെന്നുണ്ടായിരുന്നു എന്നേക്കാൾ ഏറെ മുതിർന്ന ആളായത് കൊണ്ട് പിന്നെ വേണ്ടന്ന് വെച്ചു...!

എന്റെ കൈയിൽ ക്യാഷ് ഉണ്ടേൽ ഇപ്പോ തന്നെ അയാളെ കൈയിലേക്ക് വെച്ച് കൊടുത്ത് ഉമ്മാക്ക് ആ നിസ്കാരകുപ്പായം എടുത്ത് കൊടുത്തേനെ...

സമയം മെനക്കെടുത്താതെ വേഗം പോവാൻ നോക്ക് കൈയിൽ ക്യാഷ് ഉണ്ടാവുമ്പോൾ വന്ന് നിസ്കാരകുപ്പായം കൊണ്ട് പൊയ്ക്കോളൂ. അയാൾ ഉമ്മാനെ നോക്കി വെറുപ്പോടെ പറഞ്ഞതും... നിറഞ്ഞു വന്ന കണ്ണ് തുടച്ച് എന്നെ നോക്കി കൊണ്ട് ആ ഉമ്മ ഇറങ്ങി പോയി...

പാവം കണ്ടാൽ അറിയാം ഒരുപാട് കഷ്ട്ടപ്പാട് അനുഭവിക്കുന്ന ഉമ്മയാണെന്ന് എനിക്ക് ഒന്നും ചെയ്യാൻ നിവൃത്തി ഇല്ലാതായിപ്പോയല്ലോ റബ്ബേ...

വീട്ടിൽ പോയിട്ടും എന്റെ ചിന്ത മുഴുവൻ ആ ഉമ്മാനെ കുറിച്ച് ആയിരുന്നു! എങ്ങനേലും ആ ഉമ്മാക്ക് ഒരു നിസ്കാരകുപ്പായം വാങ്ങി കൊടുക്കണം,എന്താ വഴി?ഏറെ ചിന്തിച്ചു...!

മുറിയുടെ മൂലയിൽ തിങ്ങി നിറഞ്ഞു കിടക്കുന്ന പൈസ കുടുക്ക എന്റെ ശ്രദ്ധയിൽ പെട്ടു...ഉടനെ മുറിയുടെ കതക് അടച്ച് ഭണ്ഡാരം പൊട്ടിച്ചു.... ഒരുപാട് ആഗ്രഹങ്ങൾ സാധിക്കാൻ വേണ്ടി കൂട്ടി വെച്ചതാണേലും ആ ഉമ്മയുടെ ആഗ്രഹം സാധിച്ചിട്ട് മതി ബാക്കി എന്തും... എന്ന് മനസ്സിൽ കരുതി കാരണം ഒരുനാൾ എന്നെ സഹായിക്കാൻ ആ ഉമ്മയുടെ കുടുംബം ആവാം മുന്നിൽ.

പിറ്റേന്ന് രാവിലെ തന്നെ ക്യാഷ് റെഡി ആക്കി...പതിവുപോലെ പപ്പേട്ടന്റെ കടയിലേക്ക് ആയിരുന്നു നടത്തം.പാലും വാങ്ങിച്ച് നേരെ വസ്ത്രകടയിലേക്ക്....മനസ്സിൽ തിങ്ങി നിൽക്കുന്ന വാശി ആയിരുന്നു ആ കടയിൽ കടയിൽ നിന്ന് തന്നെ നിസ്കാരകുപ്പായം എടുക്കണം എന്ന്.... വില കുറഞ്ഞതല്ല കൂടിയത്...!

കറക്റ്റ് വില തന്നെ അയാളുടെ മേശപുറത്ത് വെച്ച് കൊണ്ട് പോവാൻ തുണിഞ്ഞതും... ഇതാ ബാക്കി 100 രൂപ,പൈസ കുറച്ചിട്ടുണ്ട്. ഓ ഇനി അത് വാങ്ങാഞ്ഞിട്ട്.

വേണ്ട അത് നിങ്ങൾ തന്നെ എടുത്തോളി....

അയാളുടെ മറുപടിക്ക് കാത്തുനിൽക്കാതെ വേഗം വീട് ലക്ഷ്യമാക്കി...!

വീട്ടിൽ എത്തി ഇനി ഇത് എങ്ങനെ അവിടെ എത്തിക്കണം എന്ന വലിയ സംശ്യത്തിൽ ആയിരുന്നു...ഉപ്പയോട് കാര്യങ്ങളൊക്കെ സംസാരിച്ചു....കേട്ട ഉടനെ ഉപ്പ എന്നെയും കൂട്ടി... പുറപ്പെട്ടു. ഒരു നോമ്പ് ദിവസം ആയിരിന്നു അത്.ബൈക്ക് എടുത്ത് ആ ഉമ്മയുടെ വീട് ലക്ഷ്യമാക്കി വിട്ടു, ബാങ്ക് വിളിക്കാൻ ഇനി കുറച്ചു സമയം കൂടെ ഉള്ളൂ...അപ്പോഴേക്കും ഈ നിസ്കാരകുപ്പായം ഉമ്മാന്റെ കയ്യിൽ കൊടുത്ത് ഞങ്ങൾക്ക് തിരിച്ച് വീട്ടിലെത്തണം...ആ ഉമ്മാനെ ചെറിയ പരിജയം മാത്രമേ ഉള്ളൂ... ഒരു വീട് കാണിച്ചു കൊടുത്തിട്ട് ഉപ്പാനോട് വണ്ടി അവിടേക്ക് വിടാൻ പറഞ്ഞു. വീട് ഇത് തന്നെയാണെന്ന് കറക്റ്റ് എനിക്ക് അറിയുകയും ഇല്ല, എങ്കിലും ഒന്ന് കയറി നോക്കാം.

ബൈക്ക് സൈഡ് ആക്കി ഞങ്ങൾ ആ വീട് ലക്ഷ്യമാക്കി നടന്നതും, കണ്ടു,ഉമ്മറത്തിരുന്ന് കീറിയ നിസ്കാരകുപ്പായം തുന്നികൂട്ടുന്ന ഉമ്മാനെ.... ആ കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു... നേരെ ചൊവ്വേ കണ്ണ് കാണില്ല തോന്നുന്നു... എന്നിട്ടും ആ പാവം തുന്നികൂട്ടുകയാണ്...!

എന്റെ ഉച്ചത്തിലുള്ള സലാം കേട്ടതും തുന്നൽ നിർത്തി വെച്ച് എന്നെയൊന്ന് സൂക്ഷിച്ചു നോക്കി എന്നിട്ട് ചോദിച്ചു

ആരാ.... അത്?

ഞാനാ ഉമ്മാ ഇന്നലെ നിസ്കാരകുപ്പായം വാങ്ങാൻ പോയിട്ടില്ലേ...ഞങ്ങൾ.

ആഹാ... മോളാണോ?

മോളെന്താ ഈ വഴി...?

ഞാൻ ഉമ്മാനെ കാണാൻ വന്നതാ കൂടെ ഈ നിസ്കാരകുപ്പായം കൂടി തരാൻ...

അള്ളാഹ്... ഉമ്മാടെ കയ്യിൽ ഇപ്പോ പൈസ ഇല്ലാലോ കുട്ട്യേ....ഉള്ളത് ഉപ്പാക്ക് മരുന്ന് വാങ്ങാൻ കൊണ്ടോയി...

അതിന് ഞാൻ ഉമ്മാനോട് ക്യാഷ് ചോദിച്ചില്ലല്ലോ ഇത് എന്റെ സന്തോഷത്തിന് എന്റെ സകാത്ത് കൊണ്ട് ഉമ്മാക്ക് വാങ്ങിയതാ...ഉമ്മ സന്തോഷത്തോടെ വാങ്ങിച്ചോ എന്റെ സകാത്ത് ആയിട്ട് കരുതിയാൽ മതി..

അൽഹംദുലില്ലാഹ് എന്റെ പ്രാർത്ഥന പടച്ചോൻ സ്വീകരിച്ചല്ലോ...ഈ കീറി പാറിയ നിസ്കാരകുപ്പായം ഇട്ട് നിസ്കരിക്കാൻ തുടങ്ങിയിട്ട് ദിവസങ്ങൾ പിന്നിട്ടു...നിസ്കാരപായയിൽ ഇരുന്നിട്ട് എന്നും പടച്ചോനോട് കണ്ണീരാൽ തേടൽ ആണ്, ഒരു നിസ്കാരകുപ്പായം കിട്ടാനുള്ള വഴി നീ കാണിച്ചു തരണേ റബ്ബേ എന്ന്...എന്റെ പ്രർത്ഥനയുടെ ഫലമായി പടച്ചോന്റെ രൂപത്തിൽ വന്നതാ നിങ്ങൾ..... മുഴുവൻ പറയാൻ കഴിയാതെ ആ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി... ചുളിവുകൾ വീണ കൈകളാൽ എന്റെ കയ്യിൽ മുറുകെ പിടിച്ചു ആ ഉമ്മ പറഞ്ഞു... എന്നും എന്റെ പ്രാർത്ഥനയിൽ നിങ്ങൾ ഉണ്ടാവും... ഇന്ശാഅള്ളാഹ്

നിസ്കാരകുപ്പായം ഉമ്മാടെ കയ്യിൽ കൊടുത്ത് ഞങ്ങൾ തിരിഞ്ഞു നടന്നതും ബാങ്ക് വിളിച്ചതും ഒരുമിച്ചായിരുന്നു...

ബാങ്ക് കൊടുത്തല്ലോ നിങ്ങൾ ഇവിടെ കേറിയിരിക്ക്... ഉമ്മ ഒരു കാരക്ക തന്നേക്ക് ഞങ്ങൾ അത് കഴിച്ച് പോയേക്കാം...എന്റെ വാക്ക് കേട്ടതും ഉമ്മ വേഗം അടുക്കളയിലേക്ക് പോയി ഒരു ഗ്ലാസ് പച്ച വെള്ളം നീട്ടി കൊണ്ട് പറഞ്ഞു, കാരക്ക ഇല്ല മോളെ ഞങ്ങൾ ഇവിടെ വെള്ളം കൊണ്ടാണ് നോമ്പ് തുറക്കാറ്.

ഒത്തിരി സങ്കടത്തോടെയുള്ള ഉമ്മാടെ ആ വാക്ക് കേട്ടപ്പോൾ എന്റെ മനസ്സ് വല്ലാതെ വേദനിച്ചു,ഒരു നിമിഷം ഓർത്തത് എന്റെ വീട്ടിലെ ഡെയിനിങ് ടേബിളിലെ ഭക്ഷണമായിരുന്നു... വിഭവങ്ങൾ ഒരുപാട് ഉണ്ടാവും എന്നാലും എനിക്ക് മതിവരാത്ത പോലെയാണ്...പക്ഷെ ഇവിടെ നോമ്പ് തുറക്കാൻ കാരക്ക പോലും കിട്ടാതെ കഷ്ടപ്പെടുന്നവർ...ഇതുപോലെ നമ്മൾ കാണാത്ത എത്ര പേർ ഉണ്ടാവും നമ്മുക്ക് ചുറ്റും...?

നന്മയൊന്നും ചെയ്യാനാവില്ലലോ എന്ന ചിന്താഗതിയിൽ നിന്ന് എനിക്ക് നന്മ ചെയ്യാനാവും എന്ന തിരിച്ചറിവ് ഉടലെടുക്കുമ്പോഴാണ് ഓരോരുത്തരും അവനവനിലേ നന്മയെ കണ്ടെത്തുന്നത്. ലാഭം മോഹിക്കാതെ മറ്റുള്ളവരിൽ നമ്മൾ നന്മയുടെ വെളിച്ചം തെളിയിക്കുമ്പോൾ നമ്മളിലിരുട്ട് നിറയുന്ന വേളയിൽ എങ്ങുനിന്നെങ്കിലും നന്മയുടെ വെളിച്ചം നമ്മളിലേക്ക് പകർന്നു നൽകാൻ ഒരു ദീപം നമ്മുക്കായി തെളിഞ്ഞു കത്തും....!

നന്മ ചെയ്യുവാനും അതിലുപരി നന്മ ചെയ്യുന്ന ആൾക്കാരുടെ കൂട്ടത്തിൽ നമ്മൾ എല്ലാവരും ഉൾപ്പെടട്ടെ എന്നാ പ്രാർത്ഥനയോടെ....!

Nafeesathul Najiya V V 9N

# വായനയെ മറന്നു പോകുന്ന വിദ്യാർത്ഥി സമൂഹം

ഇന്നെത്തെ ആധുനിക ഡിജിറ്റൽ യുഗത്തിൽ ഏറെ ചർച്ചാ പ്രാധാന്യമുള്ള ഒരു വിഷയമാണ് "വായനയെ മറന്നു പോകുന്ന വിദ്യാർത്ഥി സമൂഹം " എന്നത് വായന മരിച്ചു കൊണ്ടിരിക്കുന്ന ഈ യുഗത്തിൽ വിദ്യാർത്ഥികളിൽ വായനാ ശീലം വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും

എന്നുള്ള കുഞ്ഞുണ്ണിമാഷുടെ വരികൾ ഈ കംപ്യൂട്ടർ യുഗത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്നു വായനായെന്നത് മറ്റ് ഏതൊരു നല്ല ശീലത്തെ പോലെയും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കേണ്ട ഒരും ശീലമാണ് കുട്ടികൾക്ക് നല്ല ഒരു പുസ്തകം നല്ല
ചങ്ങാതിയാകണം പുസ്തകങ്ങളിലൂടെ കുട്ടികൾക്ക് വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും പുറംലോകത്തിന്റെ ജാലകം തുറക്കാൻ സാധിക്കുന്നു വായന അറിവിന്റെ ഉറവിടമാണ്. പല തുള്ളി പെരുവെള്ളമെന്നതു പോലെ ഒരോ കുഞ്ഞറിവും അമൂല്യമാണ്.

ഒരോ വ്യക്തി യുടെയും വിജയത്തിനു പിന്നിൽ വായനയുടെ പങ്ക് ചെറുതല്ല . ഒരു നല്ല പുസ്തകം മനുഷ്യനെ നന്മയുടെ പാതയിൽ സഞ്ചരിക്കാൻ സഹായിക്കുന്നു പല പുസ്തകങ്ങൾ ഉള്ളതുപോലെ പല വായനകളും ഉണ്ട ഇന്നന്നെ ഡിജിറ്റൽ യുഗത്തിൽ സ്വാഭാവികമായും വലിയൊരു ശതമാനം കുട്ടികളും ദൃശ്യ മാധ്യങ്ങൾക്ക് പിന്നാലെയാണ് . ദൃശ്യ മാധ്യമങ്ങൾ ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിൽ ഉണ്ടാക്കിട്ടുള്ള സ്വധീനം ചെറുതല്ല ഏതു സംശയ നിവാരണത്തിനും വിദ്യാർത്ഥികൾ പുസ്തകത്തെ ക്കാൾ ആശ്രയ്ക്കുന്നത് ചാറ്റ് ജി പി ട്ടി ഗൂഗിൾ തുടങ്ങിയവയാണ് .നവമാധ്യമങ്ങളിലേക്ക് വിദ്യാർഥികൾ അടുക്കും തോറും പുസ്തകമെന്ന വിശാല ലോകത്തിൽ നിന്നവർ അകലുന്നതായാണ് കാണുന്നത്. വായന നല്ല ഒരു വ്യക്തിയെ വാർത്തെടുക്കാൻസഹായിക്കുമെന്നും വായനയുടെ ലോകം വിശാലമാണെന്നും നമ്മുടെ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിഞ്ഞാൽ ഇന്നത്തെ സമൂഹത്തിലെ പല തിന്മകളിൽ നിന്നും വിദ്യാർത്ഥി കളെ നമുക്ക് രക്ഷിക്കാൻ സാധിക്കും.

വായന കുറഞ്ഞുവരുന്ന ഈ സമുഹത്തിൽ വായനയെ തിരികെ കൊണ്ടുവരാൻ നമ്മളോരോരുന്നും നമ്മളെ ക്കൊണ്ട് ആകുന്ന കാര്യങ്ങൾ ചെയ്യണം. എത്ര പുസ്തകം വായിച്ചു എന്നല്ല അതിൽ നിന്നും എത്ര അറിവു കിട്ടി എന്നതാണ് പ്രാധാന്യം സ്കൂളുകളിൽ കുട്ടികളുടെ ഇടയിൽ ബോധവൽക്കരണം,ബുക്ക് റിവ്യൂ തുടങ്ങിയവ നടപ്പിലാക്കി നമ്മുടെ കുട്ടികളെ വായനയുടെ രസം നുകരാൻ പഠിപ്പിക്കണം. ലഹരി നുണയുന്നതിനു പകരം അറിവു നുണയാൻ നമ്മുടെ ഇന്നത്തെ കുട്ടികൾക്ക് കഴിയട്ടെ.

മാളവിക 8 U



ആഴ്ന്നിറങ്ങുന്ന മഴയെക്കാളും
കൊഴിഞ്ഞു വിഴുന്ന ഇലയെക്കാളും
എത്ര മനോഹരമാണ്
കഴിഞ്ഞുപോയ ഓർമ്മകൾ

Nafeesathul Najiya VV
- 9 N

# گاؤں کی رنگین داستان

میرے گاؤں کا ایک چھوٹا سا گلہ ہے جس میں ایک بھولے بچے نعیم رہتا ہے۔ ایک دن، نعیم نے ایک پرانا کتاب خوانا شروع کیا جو اُسے دنیا کی رازیں سکھاتی تھیں۔

کتاب نے نعیم کو ایک خیالی دنیا میں لے جایا، جہاں وہ ایک جادوئی درخت کے نیچے پہنچا۔ درخت نے نعیم کو تین مختلف رنگوں کے پھول دینے کا وعدہ کیا: سفید، زرد، اور نیلا۔ ہر رنگ نے ایک خصوصیت کو ظاہر کیا۔



نعیم نے پہلے سفید پھول چنا اور اچانک اچھے خوابوں کا جادو ہو گیا۔ پھر اُس نے زرد پھول چنا اور محبت کا احساس محسوس ہوا۔ آخر میں، نیلا پھول چنا اور

Fidha Fathima K
8 X

# സുഹൃത്ത്

സുഹൃത്ത് എന്നത് വെറും വാക്കല്ല,
അത് ദൈവം നമ്മുക്ക് തന്ന സമ്മാനം ആണ്.
അത് ഒരിക്കലും വില കൊടുത്ത് വാങ്ങാൻ പറ്റില്ല,
അത് പോലെ വിൽക്കാനും, മറക്കാനും കഴിയില്ല.
സുഹൃത്തും, രക്തവും ഒരേപോലെയാണ്,
അത് നമ്മുടെ ഹൃദയത്തിൽ കയറുന്നു.
എനിക്കും ഉണ്ട് ഒരു നല്ല സുഹൃത്ത്,
എന്റെ വിഷമങ്ങളും, സങ്കടങ്ങളും
മനസ്സിലാക്കുന്ന സുഹൃത്ത്.



[illegible] കെ
9 N



# CHILD LABOUR

Children , every where at work !
Washing cars , sweeping floors
Washing clothes near brook
Working hard , Harder  and harder

Without parents , Without friends
Only work ..... work ..... and work
Working so hard , earning only bit
Always pushed into a bit

Tried  and hurt every where
What a pain ! But no gain
Always rejected , always pushed
Into a corner , silently

What a life a life
No free on their minds
No place to lay their heads
Can't they line on their own lines?

Fiza Ali Mohammed
IX  K

# ചിറക് (library)

കൊറോണ കാലത്ത് സോഷ്യൽ മീഡിയയിൽ മുങ്ങിപോയ വിദ്യാർത്ഥികളെ കൈ പിടിച്ചുയർത്താൻ സീതി സാഹിബ് എച് എസ് എസ് 2022 ഒക്ടോബറിൽ തുടങ്ങിയ പദ്ധതിയാണ് ചിറക്. ഒരു ക്ലാസ്സിൽ ഒരു ലൈബ്രറി എന്ന വിധത്തിൽ 56 ക്ലാസ്സുകളിലും ഓരോ ലൈബ്രറിയെയും ലൈബ്രറിയൻമാരേയും ഒരുക്കി.പി. എൻ പണിക്കരുടെ ഓർമ്മക്കായി നടത്തുന്ന വ വായനാദിനത്തിൽ ശ്രീ. ജിനേഷ് കുമാർ എരമം വായനാദിന സന്ദേശം നൽകി.8-9 ക്ലാസുകളിലെ കുട്ടി ലൈബ്രറിയന്മാർ വളപട്ടണം ലൈബ്രറിയിലേക്ക് തേടി ഒരു യാത്ര നടത്തി.വളപട്ടണം പഞ്ചായത്ത് പ്രസിഡന്റ് ഷമീമ മാഡം അധ്യക്ഷയായിരുന്നു. പ്രസ്തുത പരിപാടിയിൽ ശ്രീ: ബിനോയ് മാത്യു കുട്ടികൾക്കായി ഓറിയന്റേഷൻ ക്ലാസ് നടത്തി.വായനാവാരാഘോഷത്തിന്റെ തുടർച്ചയായി പുസ്തക വിചാരം എന്ന പേരിൽ സംഘടിപ്പിച്ച 51 പേർ പങ്കെടുത്ത ബുക്ക് റിവ്യൂ മത്സരത്തിൽ 8U ക്ലാസിലെ സഞ്ജന,10T യിലെ മുഹമ്മദ് റിഷാൽ,8L ലെ നാജിയ,8A യിലെ ആയിഷ സുഹ്‌ബ എന്നിവർ വിജയികളായി. കുട്ടികളെ മികച്ച അവതാരകാരക്കാം എന്ന ഉദ്ദേശത്തോടെ ജൂലൈ നാലാം തിയതി ലൈബ്രയിയുടെ ആഭിമുഖ്യത്തിൽ "അവതാരകരെ ഇതിലെ ഇതിലെ....."എന്ന പരിപാടി സംഘടിപ്പിച്ചു.





മനസ്സുകളിലേക്ക് മത്സരബോധത്തിന്റെ തീക്ഷ്ണമായ വെയിൽ മാത്രം പടർന്നിറങ്ങി, കനവ് വറ്റുന്ന വർത്തമാന കാലത്ത് പരസ്പര സ്നേഹത്തിന്റെയും കരുണയുടേയും സഹാനുഭൂതിയുടേയും തണലിടങ്ങളിലേക്ക് യാത്രപോകാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയാണ് തണൽ എന്ന പദ്ധതിയുടെ ലക്ഷ്യം.

സഹജീവികൾക്ക് സാന്ത്വനമേകുകയും വിധിക്ക് മുന്നിൽ കാലിടറി വീണുപോകുന്നവർക്ക് കൈതാങ്ങ് ആവുകയും ചെയ്യുക എന്നത് ബാധ്യതയല്ലെന്നും സാധ്യതയും, സന്തോഷവുമാണെന്നും നമ്മുടെ ഇളംതലമുറ പഠിക്കേണ്ടിരിക്കുന്നു. അവർക്ക് നേരെ നീളുന്ന സൗഹൃദത്തിന്റെ ഒരു ഹസ്തദാനത്തിന് ഏറ്റവും ആഴമുള്ള പുണ്യത്തേക്കാൾ വിലയുണ്ട്. ഈ തിരിച്ചറിവിന്റെ പാഠമാണ് തണലിന്റെ പ്രവർത്തനം. തണൽ ഒരു നിർബന്ധിത സേവനമല്ല. തണൽ ഫണ്ടിലേക്ക് എന്ന് പറഞ്ഞ് വീട്ടിൽ നിന്ന് പണംവാങ്ങരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികൾക്ക് പോക്കറ്റ് മണിയായി ലഭിക്കുന്ന പണമാണ് തണലിന്റെ പ്രവർത്തനമൂലധനം. അവരുടെ അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ വെറുതെ ചിലവഴിക്കുന്ന തുകയാണ്തണലിലേക്ക് പ്രവഹിക്കേണ്ടത്. സ്വയം കണ്ടെത്തുന്ന ആ തുകയോളം ആത്മാർത്ഥവും സ്നേഹപൂർണവുമായി മറ്റൊന്നുമുണ്ടാവുകയില്ല.

രൂപീകൃതമായി, ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ പല വിധത്തിൽ തണലിന്റെ സൗഹൃദ സ്പർശം  വിദ്യാർത്ഥികൾക്കിടയിൽ അനുഭവപ്പെട്ടു. പുസ്തകങ്ങളായി,വസ്ത്രങ്ങളായി,ഭക്ഷണകിറ്റായി,രോഗികൾക്ക് ചികിത്സയായി... ഇങ്ങനെ തണലിന്റെ സ്നേഹാർദ്രമായ നോട്ടം പലയിടങ്ങളിലേക്ക് എത്തിച്ചേർന്നു. ഗൃഹ സന്ദർശനപരിപാടിയിലൂടെയാണ് ഏറ്റവും അടഹമായ വിദ്യാടത്ഥികളെ തണൽ കണ്ടെത്തുന്നത്. ഹൃദയസ്പർശിയായ ഒട്ടേറെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അസുഖബാധിതനായ ഒരു കൊച്ചുമിടുക്കന്റെ ചികിത്സയ്ക്ക് വലിയ തുക കയ്യിലേൽപ്പിക്കാൻ കഴിഞ്ഞപ്പോൾ തണൽ അനുഭവിച്ച കൃതാർത്ഥത വലുതാണ്.

## *Nuts*

എട്ടാം ക്ലാസിലെ മിടുക്കരായ കുട്ടികൾക്ക് പഠനത്തിലും ജീവിതത്തിലും വ്യക്തമായ ദിശാബോധം ഉണ്ടാവണമെന്ന ലക്ഷ്യത്തോടെ സീതി സാഹിബ് സ്കൂൾ തുടങ്ങിയ ഒരു പ്രോഗ്രാമാണ് NUTS(Nurturing of Unique Talents and Skills). കുട്ടികൾക്ക് പ്രയോജനപ്രദമായ ഓരോ പ്രോഗ്രാം ഓരോ മാസം എന്ന രീതിയിലാണ് NUTS ന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.NUTS 2023-2024 പ്രോഗ്രാമിന്റെ പ്രൊജക്റ്റ് ലോഞ്ചിങ് 15-07-2023 ന് സ്കൂളിൽ വെച്ച് നടന്നു.തുടർന്ന് ശ്രീ:നവാസ് മന്നൻ നയിച്ച സെൽഫ് അവാർനെസ് ക്ലാസും ഉണ്ടായിരുന്നു.സമൂഹത്തിന്റെ വിവിധ തലങ്ങളിലായി മികച്ച വിജയം നേടിയ പൂർവവിദ്യാർത്ഥികളുമായി സംവദിക്കാൻ "മീറ്റ് ദെ സ്റ്റാർസ്" എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു.സർ സയ്യിദ് ഇൻസ്‌ടിട്യൂട്ടിലേക്ക് Flare 2023 സന്ദർശിക്കാൻ NUTS ലെ കുട്ടികൾക്ക് അവസരം നൽകി."വിസ്റ്റാസ് ഓഫ് സയൻസ്"എന്ന പ്രോഗ്രാമിൽ പ്രശസ്ത സ്പേസ് സയന്റിസ്റ്, എഡ്യുക്കേഷണാലിസ്റ്റ് ഒക്കെയായ ഡോ. ടി.പി ശശികുമാർ കുട്ടികളുമായി സംവദിക്കാനെത്തി.NUTS ന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി കോഴിക്കോട് NITയിലേക്ക് "എക്സ്പ്ലോറ 2023 എന്ന പേരിൽ ഒരു എഡ്യുക്കേഷണൽ വിസിറ്റ് നടത്തി.ശാസ്ത്ര സാങ്കേതിക വിഭാഗങ്ങളെ കുറിച്ച് കുട്ടികൾക്ക് വ്യക്തമായ അവബോധം സൃഷ്ടിക്കാൻ ഈ യാത്രയ്ക്കു സാധിച്ചു.കുട്ടികളുടെ സിവിൽ സർവീസ് മോഹങ്ങൾക്ക് ഉണർവേകാൻ ഐ.എ.എസ് ഫാക്കൽറ്റീസുമായി ഒരു സംവാദ സെഷൻ നടത്തി.

## NMMS

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 2008ൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ പദ്ധതിയാണ് നാഷണൽ മീൻസ് കം മെറിറ്റ് സ്‌കോളർഷിപ്പ് സ്കീം (NMMS). എട്ടാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയാണ് സ്കോളർഷിപ്പ്.

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാസം 500 വീതം വർഷത്തിൽ 6000 രൂപ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ 4 വർഷവും ലഭിക്കുന്നതാണ്. ഓരോ സംസ്ഥാനത്തിനും കുട്ടികളുടെ പ്രത്യേകം ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിൽ മൊത്തം 3000 വിദ്യാർത്ഥികൾക്കുമാത്രമാണ് അവസരം. സംസ്ഥാനഗവൺമെന്റ് നടത്തുന്ന പരീക്ഷ (NMMS EXAMINATION) വഴിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തി അമ്പതിനായിരം കവിയാത്ത രക്ഷിതാക്കളുടെ മക്കൾക്കാണ് പരീക്ഷക്ക് അപേക്ഷിക്കുവാനുള്ള അർഹത. സ്കോളർഷിപ്പ് തുക സ്റ്റേറ്റ് ബേങ്ക് വഴി മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ എക്കൗണ്ടിലേക്ക് നേരിട്ട് എത്തുകയാണ് ചെയ്യുക.

രാജ്യത്തെ ഏറ്റവും ഉന്നതമായ സ്കോളർഷിപ്പ് പരീക്ഷകളിലൊന്നായ NMMSന് പ്രത്യേക പരിശീലനമാണ് നമ്മുടെ സ്ഥാപനത്തിൽ നൽകിവരുന്നത്. അതിനുവേണ്ടി എട്ടാംതരം വിദ്യാർത്ഥികളെ അധ്യയനവർഷത്തിന്റെ തുടക്കത്തിൽ ടെസ്റ്റ് വഴി തെരഞ്ഞെടുക്കുന്നു. തുടർന്ന് നമ്മുടെതന്നെ അധ്യാപകർ ക്ലാസ്സുകൾ നൽകുന്നു. വി. ജാഫർ മാഷാണ് അതിമിടുക്കരായ വിദ്യാർത്ഥികൾക്കുമാത്രം വിജയിക്കുവാൻ കഴിയുന്ന പരീക്ഷക്ക് വേണ്ടി കുട്ടികളെ ഒരുക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷമായി കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ NMMS പരീക്ഷക്ക് വിജയിപ്പിക്കുന്ന സ്ഥാപനമാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ.

# NTSE

രാജ്യത്തെ ഏറ്റവും ഉന്നതമായ കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പ്രോഗ്രാമാണ് നാഷണൽ ടാലന്റ് സെർച്ച് പരീക്ഷ(NTSE). ബുദ്ധിപരമായും പഠനപരമായും വലിയ കഴിവുകളുള്ള മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി അംഗീകരിക്കുക എന്നുള്ളതാണ് സ്കോളർഷിപ്പിന്റെ ഉദ്ദേശം. എല്ലാ വർഷവും അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾ എഴുതുന്ന സ്കോളർഷിപ്പ് പരീക്ഷയാണിത്. എന്നാൽ പരീക്ഷയിൽ ഏറ്റവും ഉയർന്ന പോയിന്റുകൾ ലഭിക്കുന്ന രാജ്യത്തെ ആയിരംകുട്ടികൾക്ക് മാത്രമാണ് സ്‌കോളർഷിപ്പ് ലഭിക്കുക. പത്താംതരത്തിലെ കുട്ടികൾക്കാണ് പരീക്ഷ എഴുതുവാനുള്ള അർഹത. രാജ്യത്തെ ഏറ്റവും ശ്രമകരമായ പരീക്ഷയാണിത്. ഇത് രണ്ടാം സിവിൽസർവ്വീസ് പരീക്ഷ എന്നറിയപ്പെടുന്നു. സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ NTSE പരിശീലനം നൽകുന്നുണ്ട്. മിടുക്കരായ നാൽപത് കുട്ടികളാണ് ബാച്ചിലുള്ളത്. കേരളത്തിൽ സീതീസാഹിബ് ഉൾപ്പെടെ അപൂർവ്വം വിദ്യാലയങ്ങൾ മാത്രമാണ് എൻ.ടി.എസ്.ഇ പരിശീലനം നൽകുന്നത്.

# പരാജയകാണ്ഡത്തിൽ നിന്നും വിജയപർവ്വത്തിലേക്ക്



ഏതൊരു പ്രസ്ഥാനത്തിന്റെയും മാറ്റുരച്ച് നോക്കേണ്ടത് കാലമാകുന്ന ഉരകല്ലിന്മേലാണ്. അതത് കാലഘട്ടത്തിലെ സാമുഹിക-സാംസ്കാരിക, സാമ്പത്തിക ചുറ്റുപാടിൽ പ്രസ്ഥാനം എത്രമാത്രം തിളങ്ങിനിൽക്കുന്നുവോ, അതനുസരിച്ചാണ് അതിന്റെ ഗുണമേന്മ വിലയിരുത്തപ്പെടുന്നത്. ഇപ്രകാരമുള്ള ഒരു വിലയിരുത്തലിലാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ കൂടുതൽ പ്രശസ്തമാവുന്നതും, പ്രസക്തമാവുന്നതും.

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ വക്കത്തെത്തി നിൽക്കുകയും ആയിരക്കണക്കിന് അധ്യാപകർ തൊഴിൽ രഹിതരായി മാറ്റപ്പെടുകയും ചെയ്യപ്പെടുന്ന ഈ സമകാലിക അവസ്ഥയിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരുത്തമമാതൃകയാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ. കേവലം റിസൽട്ടിന്റെ വലിപ്പത്തിലല്ല, ഗുണനിലവാരത്തിന്റെ തിളക്കത്തിലും ഈ സ്ഥാപനം ഇന്ന് ബഹുദൂരം മുന്നിലാണ്

മഹാനായ കെ.എം. സീതിസാഹിബിന്റെ നാമധേയത്തിൽ തളിപ്പറമ്പ് നഗരത്തിന്റെ തിരുനടയിൽ വിരാജിക്കുന്ന ഈ വിദ്യാഭ്യാസ സ്ഥാപനം 1968 ജൂൺ മുന്നാം തീയ്യതി അന്നത്തെ വിദ്യാഭ്യാസമന്ത്രിയായ സി എച്ച് മുഹമ്മദ്കോയാ സാഹിബിന്റെ കൈകളാലാണ് നാട്ടുകാർക്കുവേണ്ടി തുറന്നുകൊടുക്കപ്പെട്ടത്. അവിടെനിന്നുമിങ്ങോട്ട് തളിപ്പറമ്പ് പ്രദേശം നവോത്ഥാനത്തിന്റെ പാതയിൽ ആയിരുന്നു. തളർച്ചയുടേയും വളർച്ചയുടേയും നിരവധിപടവുകൾ മാറിമാറിചവിട്ടി ഇന്ന് ഒരു സുസ്ഥിരമുന്നേറ്റത്തിന്റെ വഴിയിലാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ.

തളിപ്പറമ്പ് നിവാസികളുടെ സ്വകാര്യ അഹങ്കാരമായിമാറിയ ഈ സമസ്വതീ ക്ഷേത്രം പിറവിയെടുക്കുന്നതിൽ മൺമറഞ്ഞ നിരവധി മഹാന്മാരുടെ കഴിവും കരുത്തും ഇഴചേർന്ന് കിടപ്പുണ്ട്. പിന്നീട് ഈ സ്ഥാപനം അതിന്റെ ലക്ഷ്യത്തിൽ നിന്നും അകന്ന് മാറി സഞ്ചരിച്ച് ആശങ്കയുടെ ഇരുട്ടിലേക്ക് നീങ്ങിയപ്പോൾ അവിടെനിന്നും വെളിച്ചം പകർന്ന് പുരോഗതിയുടെ ഉഷസ്സിലേക്ക് നയിക്കാൻ ശ്രമിച്ചവരും നിരവധിയാണ്.

കർമ്മവീഥിയിൽ ഈ സ്ഥാപനം ഇരുപത് ആണ്ടുകൾ പിന്നിട്ട് 1989-ൽ എത്തിയപ്പോൾ, സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 250 വിദ്യാലയങ്ങളുടെ ഏറ്റവും പിൻനിരയിലായിരുന്നു സീതിസാഹിബ് സ്കൂളിന്റെ സ്ഥാനം. ആ അഗാധഗർത്തത്തിൽ നിന്നുമാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ സടകുടഞ്ഞെഴുന്നേൽക്കുന്നത്. പിന്നീടുണ്ടായ പ്രൗഢമായ പ്രവർത്തനങ്ങൾ പ്രകടമായ മാറ്റത്തിന്റെ രേഖപ്പെടുത്തലുകളായി മാറി.

1997-ൽ ഈ സ്ഥാപനം എസ് എസ് എൽ സി പരീക്ഷയിൽ പത്താം റാങ്കിന്റെ മധുരം നുണഞ്ഞു. പരാജയകാണ്ഡത്തിൽ നിന്നും വിജയപർവ്വത്തിലേക്കുള്ള കുതിപ്പിന്റെ രാസത്വരകമായി മാറുകയായിരുന്നു ഈ റാങ്കുനേട്ടം. പിന്നീടങ്ങോട്ട് എസ് എസ് എൽ സി റിസൽട്ടിന്റെ തോതിൽ പടിപടിയായ ഉയർച്ചയാണ് സീതിസാഹിബിനുണ്ടായിരുന്നത്. കൽകണ്ടം കഴിക്കുമ്പോൾ തേൻ നുകരുന്നതുപോലെ 2000-മാണ്ടിൽ സീതിസാഹിബ് ഹൈസ്കൂൾ ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

അൻപത് പതിറ്റാണ്ടു പൂർത്തിയാക്കാനൊരുങ്ങുന്ന ഈ സാമൂഹിക സ്ഥാപനം ഇന്ന് സംസ്ഥാനത്തിലെ ഏറ്റവും മികച്ച ഹയർസെക്കന്ററി സ്കൂളുകളിലൊന്നാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തുകയും ഏറ്റവും മികച്ച റിസൽട്ടുണ്ടാക്കുകയും ചെയ്യുന്ന വിദ്യാലയമാണിന്ന് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ.

അക്കാദമികവിജയം മാത്രമല്ല പാഠ്യപാഠ്യേതരവിഷയങ്ങളിലും സീതിസാഹിബ് മുന്നിലാണെന്ന് ശാസ്ത്ര-സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തിപരിചയ കലാകായികമേളകൾ സാക്ഷ്യപ്പെടുത്തുന്നു.

ഇനിയുമിനിയും ഉയർച്ചയുടെ കൊടുമുടികൾ തന്നെയാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ ലക്ഷ്യമിടുന്നത്. പി.കെ. സുബൈർ സാഹിബിന്റെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് പ്രതിനിധികളും

# പെരുകുന്ന ബൈക്ക് അപകടങ്ങളും പൊലിയുന്ന ജീവിതങ്ങളും.....

വാർത്തകളിൽ നിറയുന്നു അപകടങ്ങളും അപകട മരണങ്ങളും അതിൽ ബൈക്ക് അപകടങ്ങൾ ആണ് അധികവും രണ്ട് ദിവസം മുമ്പ് തളിപ്പറമ്പിലേക്ക് പുറപ്പെടാൻ നിൽക്കുന്ന എനിക്ക് ഒരു വേദനിപ്പിക്കുന്ന കാഴ്ച കാണേണ്ടി വന്നു ... ഓടി ചെന്ന് നോക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ വീണു കിടക്കുന്നു സമീപം പരിചയമുള്ള രണ്ടുമൂന്നുപേർ വെപ്രാളത്തോടെ വണ്ടിക്ക് വേണ്ടി കൂക്കി വിളിക്കുന്നു ഇത് കണ്ട വേദനയിൽ പകച്ചു നിൽക്കുമ്പോൾ അതാ റോഡിന്റെ മൂലയിൽ രണ്ട് ചെറുപ്പക്കാർ വേദന കൊണ്ട് പുളഞ്ഞു ചോരയിൽ കിടക്കുന്നു ആൾക്കാർ കൂടുന്നു നാടിന്റെ യൂത്തന്മാർ എല്ലാം മറന്ന് താങ്ങി പിടിച്ചു വണ്ടിയിൽ കയറ്റി ഹോസ്പിറ്റലിലേക്ക് കുതിക്കുന്നു സംഭവം ഇങ്ങനെയാണ് ആദ്യം വീണ ചെറുപ്പക്കാരൻ ബൈക്ക് നിർത്തി റോഡ് മുറിച്ചു കടക്കുന്നു മറ്റേ രണ്ടു പേർ തിരക്കിട്ട് ബൈക്കും കൊണ്ട് വരുന്നു മറ്റവനെ തട്ടുമെന്ന് കണ്ടപ്പോൾ വണ്ടി വെട്ടിച്ചു രക്ഷിക്കാൻ ശ്രമിക്കുന്നു അവരും വീഴുന്നു.........
ബൈക്ക് വേണം ശരിയാ
പക്ഷേ ബ്രെക്ക് വേണം
ചോര തിളപ്പിൽ ചീറി പായുമ്പോൾ ഒന്ന് പിടി വിട്ടാൽ ചോര തുള്ളികൾ പൊടിഞ്ഞു വീഴുമ്പോൾ ചിലപ്പോൾ നമ്മൾക്ക് നഷ്ട്ടപെടുന്നത് പലതുമായിരിക്കും.......
അതിന്റെ പേരിൽ ജീവിത കാലം വരെ കണ്ണീർ കുടിക്കുന്ന ചില കഥകൾ അല്ലെ നാം കാണുന്നതും കേൾക്കുന്നതും.... എല്ലാം സർവ്വ ശക്തനിൽ അർപ്പിക്കുക ആ കാവലിന് വേണ്ടി തേടുക എന്നിട്ട് പ്രാർത്ഥിക്കുക അവിടെ നിന്നും തുടങ്ങുക.......

അല്ലെങ്കിൽ ഈ താഴെ കുറിച്ച വരികൾ പോലെ ആവും....

കൂട്ടുകാരുടെ മുമ്പിൽ ഒപ്പം
നിൽക്കാൻ അവനും ഒരു ബൈക്ക് വേണമായിരുന്നു മകൻറെ നിർബന്ധം
സഹിക്കവയ്യാതെ ഉമ്മ ബാപ്പയോട് കാര്യം അവതരിപ്പിച്ചു

"അവനിപ്പോൾ തീരെ കുഞ്ഞല്ലല്ലോ  അവൻറെ കൂട്ടുകാർക്കൊക്ക വീട്ടുകാരാണ് ബൈക്ക് വാങ്ങിക്കൊടുത്തത്, എനിക്ക് എവിടെയെങ്കിലും പോണമെങ്കിലും വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാനും  ഒക്കെ ഒരു വണ്ടി ഇവിടെ അത്യാവശ്യമാണ്"

അങ്ങനെ ഗൾഫിലുള്ള
വാപ്പ അയച്ചുകൊടുത്ത
പണംകൊണ്ട് മോൻ ഏറ്റവും
പുതിയ മോഡൽ ബൈക്ക് തന്നെ വാങ്ങി, ഓരോ യാത്രയിലും
ഉമ്മ മകനെ ഓർമ്മിപ്പിച്ചു,

"മോനെ പതുക്കെ പോകണേ...
  സൂക്ഷിച്ചു പോകണേ...."

പോസ്റ്റ്മോർട്ടം ചെയ്ത്
കിട്ടിയപ്പോൾ ഏറെ

വൈകിയെങ്കിലും
വീടും പറമ്പും വഴിയും
നിറഞ്ഞ് ആളുകൾ കാത്ത് നിന്നിരുന്നു...

വെള്ളത്തുണിയിൽ
മൂന്ന് കെട്ടും കെട്ടി പൊതിഞ്ഞ
അവന്റെ മയ്യത്ത് പള്ളിയിലേക്ക്
കൊണ്ടുപോകുമ്പോൾ
വഴിയിലൊക്കെ അവന്റെ
ചിരിക്കുന്ന ഫോട്ടോ വെച്ച ഫ്ലക്സുകൾ ഉണ്ടായിരുന്നു...

ഫെയ്സ്ബുക്കിൽ
ഇന്നാലില്ലാഹി കമന്റുകൾ പെരുകിക്കൊണ്ടിരുന്നു....

അപകടങ്ങൾ വീണ്ടും
നടന്നു, അവനെ പലരും
മറന്നു തുടങ്ങി...

ആ ഉമ്മാക്കും ബാപ്പക്കും
ഏക മകനെ
മറക്കാനാവില്ലായിരുന്നു, പള്ളിക്കാട്ടിൽ
വന്ന് അവന്റെ ഉമ്മ അവനോട്
ഏറെ നേരം സംസാരിക്കും പൊടിമീശക്കു താഴെ
മരവിച്ച ചുണ്ടുകൾ
മറുപടിക്കായി
ചലിച്ചില്ല, എന്നെന്നേക്കുമായി
തിരുമ്മി അടയ്ക്കപ്പെട്ട ആ
കണ്ണുകൾ തുറന്ന് പൊന്നുമ്മയെ നോക്കിയതുമില്ല...

പ്രിയരെ.., നിങ്ങളെയും വഹിച്ചു കൊണ്ട് പായുന്ന ബൈക്കിന്റെ വലിയ ടയർ അര
ഇഞ്ച് പോലും റോഡിൽ
തൊടുന്നില്ല...

വീട്ടിൽ നിങ്ങളെ കാത്തിരിക്കുന്നവരോട്
മോർച്ചറിക്കു മുന്നിൽ
കാത്തിരിക്കാൻ
പറയിപ്പിക്കരുതേ....

പള്ളിക്കാട്ടിലെ മൈലാഞ്ചി ചെടികൾ കാണുമ്പോൾ
നെഞ്ചുരുകുന്ന പല കുടുംബങ്ങളും കണ്ണീർ കുടിക്കുമ്പോൾ നമ്മുക്കുള്ള
ഓർമ്മപ്പെടുത്തലാണ്......

മെല്ലെ തിന്നാൽ മുള്ളും തിന്നാം എന്ന പഴമൊഴി

സൽവ സിറാജ്
8 F

# വീണ്ടും അക്ഷര മുറ്റത്തേക്ക്

അങ്ങനെ ഞാൻ ആറാം ക്ലാസ്സിൽ നിന്നും എട്ടാം ക്ലാസിലേക്ക് സീതി സാഹിബിൽ

എല്ലാവരും പറയുമായിരുന്ന സീതി പൊളി ആണ് നല്ല ടീച്ചേഴ്സ് ഒക്കെ ആണ്....
അത് പറയുന്ന കേൾക്കുമ്പോൾ ഞാൻ വിചാരിക്കും ഒന്ന് വേഗം സീതിയിൽ എത്തിയിരുന്നെങ്കിൽ എന്ന്...
അങ്ങനെ ആ ആഗ്രഹം സഫലമായി....

ഉമ്മയുടെ കൂടെ ആയിരുന്നു നീണ്ട ഇടവേളക്കും കാത്തിരിപ്പിനും ശേഷമുള്ള അക്ഷര മുറ്റത്തേക്കുള്ള യാത്ര....

എല്ലാ മാതാപിതാക്കളും ചെയ്യുന്നത് പോലെ എനിക്കും കുറെ ഉപദേശം തന്നു....

ആദ്യം സീതി സാഹിബ് കണ്ടപ്പോൾ പേടിച്ച് പോയി...
വലിയ സ്കൂൾ...
കുറെ കുട്ടികൾ....
കുറെ ടീച്ചേഴ്സ്....

പിന്നെ ഗൈഡ്സിലെ സ്റ്റുഡെൻ്റ്സ് എൻ്റെ ക്ലാസ്സ് കാണിച്ച് തന്നു....



ആദ്യം തന്നെ ക്ലാസ്സ് സർ വന്നു....
പരിചയപ്പെട്ടു...
കുറെ നല്ല കാര്യങ്ങൾ പറഞ്ഞു തന്നു....
അപ്പോൾ തന്നെ നല്ല പോസിറ്റീവ് എനർജി കിട്ടി...

പേടിയോക്കെ എവിടെയോ പോയി...

ഒന്നര വർഷത്തിന് ശേഷം വീണ്ടും സഹപാഠികളെ കണ്ടു....
സന്തോഷം കൊണ്ട് തുള്ളി കളിക്കാൻ തോന്നി...

രണ്ട് മൂന്ന് പുതിയ കൂട്ടുകാരെ കിട്ടി...

ഓരോ സബ്ജക്ടിനും ഓരോ ടീച്ചേഴ്സ് വരുന്നു...
പരിചയപ്പെടുന്നു ....
എല്ലാ ടീച്ചേഴ്സും പറഞ്ഞു..
ഞാൻ നിങ്ങളുടെ സാറോ ടീച്ചറോ അല്ല. നിങ്ങളുടെ കൂട്ടുകാർ ആണെന്ന്...
നല്ല പോസിറ്റീവ് എനർജി തരുന്ന ടീച്ചേഴ്സ്.....

എല്ലാം കൊണ്ടും എന്ത് നല്ല സ്കൂൾ ആണ് സീതി സാഹിബ്....! അല്ലേ .......

സീതി സാഹിബിൽ ചേർത്ത അന്ന് മുതൽ ഉപ്പ പറയുമായിരുന്ന സീതിയിലെ കഥകൾ ഉപ്പയെ പഠിപ്പിച്ച ഹാഷിം സർ ഹമീദ് സർ കാസിം സർ അടുത്തിടെ വിരമിച്ച ഫസൽ സർ അമാനത്ത് സർ അബ്ദുള്ള സർ ഇവരാണ് സീതിയെ സീതി സാഹിബിനെ ഒന്നാം നമ്പർ ആക്കിയത് എന്ന് ഉപ്പയുടെ ബാച്ചിൽ ഉണ്ടായിരുന്നേ പലരും ഇന്ന് സീതി സാഹിബിലെ അദ്ധ്യാപകർ ആണ് ഉഴപ്പിയാൽ ഉപ്പ അവരോട് പറയുമെന്ന ഓർമപ്പെടുത്തലും......

ആ അക്ഷര കൂട്ടിലെ കുഞ്ഞു കിളിയാവാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

സൽവ സിറാജ്
8 F

# തിരികെ വരുമോ ആ ദിനങ്ങൾ...



പൊന്ന് മോളെ എന്ന വിളി ഇനി കേൾക്കാൻ പറ്റുമോ...??!

കൈ പിടിച്ച് മുത്തിയ നിമിഷങ്ങൾ....

കാൽ തടവി കൊടുത്ത നിമിഷങ്ങൾ....

ഒരുമിച്ച് മൗലിദ് കഴിച്ച സുദിനങ്ങൾ...

കൈ മുറുകെ പിടിച്ച് പിടി വിടാതെ നിന്ന നിമിഷങ്ങൾ....

തിരികെ വരുമോ ആ ദിനങ്ങൾ...

കുറെ നല്ല ഓർമകൾ ബാക്കി വെച്ച് പോയില്ലേ...

ജീവന്റെ ജീവനായി സ്നേഹിച്ച പേര മക്കളെ തനിച്ചാക്കി ഈ ലോകത്തോട് വിട പറഞ്ഞില്ലേ...

ജീവിതമായി കണ്ട പ്രിയ ഉമ്മമയെ തനിച്ചാക്കി പോയില്ലേ...

അവസാന നിമിഷങ്ങളിൽ മക്കൾ മക്കൾ എന്ന് പറഞ്ഞ് ജീവനായി കണ്ട മക്കളെ തനിച്ചാക്കിയില്ലേ....

പ്രിയ ഉപ്പാപ്പ ഇന്നും ഓരോരുത്തരുടെയും ഹൃദയങ്ങളിലും നാം ജീവിക്കുന്ന ഓരോ നിമിഷങ്ങളിലും ജീവിക്കുകയാണ്...

മക്കളെയും പേരമക്കളെയും കൂട്ടാതെ സ്വർഗത്തിൽ സുഖമായി വസിക്കുന്നുണ്ടവും അല്ലെ...

എപ്പോഴും ഈ ഹൃദയത്തിൽ ഉണ്ടാവും.... ജീവനായി സ്നേഹിച്ച ജീവിതമായി കണ്ട എൻ്റെ പ്രിയ ഉപ്പാപ്പ...



സൽവ സിറാജ്

8 F

# ഒരു സ്റ്റേറ്റ് ക്യാമ്പ് ഓർമ്മ



ഇന്നലെ രാവിലെ 10:30 - തളിപറമ്പ് പോലീസ് സ്റ്റേഷനിൽ നിന്ന് വണ്ടിയിൽ കയറിയ ഞാൻ ക്യാമ്പിൽ എത്തിയത് പുലർച്ചെ 5:3ന്. കുറേ നരം ഉറങ്ങി. SAP ക്യാമ്പിൽ എത്തി ഫ്രഷ് ആയതിനുശേഷം പ്രഭാതഭക്ഷണം കഴിച്ചു. ക്യാമ്പിനുള്ളിലെ സ്ഥലങ്ങൾ ചുറ്റിക്കറങ്ങി കണ്ടു. പിന്നെ ബാഗുകൾ എടുത്ത് ബാരക്കുകളിലേക്ക് പോയി. 12:30ന് രജിസ്ട്രേഷൻ ആയിരുന്നു. 4:00 മണിക്ക് വിദ്യാഭ്യാസ മന്ത്രി വി.ശിവൻക്കുട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. SPCയുടെ പുതിയ സ്വാഗത ഗാനം പ്രദർശിപ്പിച്ചു. വൈകുന്നേരം ആറുമണിക്ക് Ice breaking session ആയിരുന്നു. പിന്നീട് മാജിക് ഷോ ഉണ്ടായിരുന്നു. 10:30ന് ലൈറ്റ്സ് ഓഫ് ചെയ്തു.



അനുഷ്മിയ നന്ദൻ
9 S

In the early 2000s, mobile phones were primarily used for calling and texting. However, a significant shift occurred in 2007 with the introduction of the first iPhone by Apple Inc. This marked the beginning of the smartphone era.

The iPhone was a revolutionary product that combined a mobile phone, an iPod, and an Internet communication device into a single handheld device. It introduced a new way of interacting with phones through a touch screen interface and brought the concept of mobile apps to the mainstream.

The success of the iPhone prompted other tech companies to develop their own smartphones. Google introduced Android, an open-source operating system for smartphones. This led to a surge in smartphone adoption worldwide.

Smartphones have since become an integral part of our lives. They have transformed the way we communicate, work, learn, and entertain ourselves. They have also paved the way for new industries such as app development, mobile advertising, and e-commerce.



However, the rise of smartphones has also raised concerns about privacy, security, and the impact on mental health. Despite these challenges, smartphones continue to evolve, with new technologies like 5G, augmented reality, and artificial intelligence promising to further transform our lives.

The story of the smartphone is a testament to the transformative power of technology. It serves as a reminder of how innovation can change the world in ways we could never have imagined.

Ahamed Najil
9 T

# കലോത്സവ കാഴ്ചകൾ











SPORTS















## സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്

പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ശ്രീ.പി.വിജയൻ ഐ പി എസിന്റെ നേതൃത്വത്തിൽ 2010-ൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന ബൃഹദ് പദ്ധതി ആരംഭിക്കുന്നത്.

വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണബോധം, പ്രകൃതിദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത, ലഹരിവിരുദ്ധ മനോഭാവം, സമഭാവന, സഹാനുഭൂതി, ട്രാഫിക് അവബോധം, നിയമസാക്ഷരത, മാധ്യമസാക്ഷരത തുടങ്ങി സ്വഭാവശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം മുന്നോട്ടുവെക്കുന്ന എസ് പി സി കേരളപോലീസും, വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് രൂപീകരിച്ചത്.

എഴുത്തുപരീക്ഷയിൽ സെലക്ഷൻ കിട്ടുന്ന കുട്ടികൾക്ക് ശാരീരികക്ഷമതാ നിർണ്ണയം നടക്കും. ശാരീരിക മാനസിക ബൗദ്ധികക്ഷമയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ റാങ്ക് ലിസ്റ്റിൽ നിന്നാണ് കേഡറ്റുകളെ തെരഞ്ഞെടുക്കുക. ഓരോ സ്കൂളിലും 22 ആൺകുട്ടികളും 22 പെൺകുട്ടികളുമടങ്ങിയ 44 പേരെയാണ് എസ് പി സിയിലേക്ക് തെരഞ്ഞെടുക്കുക. എട്ടാം തരത്തിലും ഒൻപതാംതരത്തിലുമാണ് എസ്.പി.സി യുടെ പരിശീലന പരിപാടി. പത്താംതരത്തിൽ കേഡറ്റുകൾക്ക് പൂർണ്ണമായും പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ സമയം ലഭിക്കുന്നു.



## ലിറ്റിൽ കൈറ്റ്സ്

എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

## ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്







## ജൂനിയർ റെഡ്ക്രോസ്

റെഡ്ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ആതുരസേവന സന്നദ്ധസംഘടനയാണ് ജൂനിയർ റെഡ് ക്രോസ്. ജാതി-മത- വർഗ്ഗ-വർണ്ണ-ഭാഷ-ദേശ- രാഷ്ട്രീയങ്ങൾക്കെല്ലാം അതീതമായി, നിഷ്പക്ഷമായി പ്രവർത്തിക്കുന്ന സംഘടനയാണിത്.

'ആരോഗ്യം, സേവനം, സൗഹൃദം' എന്ന കർമ്മപരിപാടികളുമായി സേവനത്തിന്റെയും സ്നേഹത്തിന്റെയും ദീപം തെളിയിക്കുന്ന പ്രസ്ഥാനമായി നമ്മുടെ വിദ്യാലയത്തിലും 18 വർഷമായി ജെ ആർ സി പ്രവർത്തിച്ചുവരുന്നു. ദയ, അനുകമ്പ, സഹിഷ്ണുത മനോഭാവം, സാഹോദര്യം തുടങ്ങിയ മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത് അത്തരം സ്വഭാവങ്ങൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന് JRC ശ്രമിച്ചുകൊിരിക്കുന്നു.

ഇതിന്റെ ഭാഗമായി നമ്മുടെ സ്കൂൾ യൂനിറ്റിലും



# മരം വീണാൽ

ഒരു മരമുള്ളപ്പോഴേ തണലിലൊത്തിരി
നേരമിരിക്കാൻ പറ്റൂ.
ഒരു മരം, അതുള്ളപ്പോഴേ കായ്കൾ
കല്ലെറിഞ്ഞ് വീഴ്ത്താൻ പറ്റൂ.
അതിൻ
ശിഖരങ്ങളിലിലച്ചാർത്തുകളുള്ളപ്പോഴേ
കളകൂജനം കേൾക്കാൻ പറ്റൂ.
കൂടുകൂട്ടാനും, അടവെച്ച് വിരിയിക്കാനും,
കുഞ്ഞിനന്നമൂട്ടാനും പറ്റൂ.
ആ പടുമരമുള്ളപ്പോഴേ പടർന്നുകയറാൻ
വള്ളിപ്പടർപ്പുകൾക്കാവൂ.
ശിഖരങ്ങൾ വെട്ടിമാറ്റി തായ്ത്തടി
വേരോടെ പിഴുതുമാറ്റാൻ വേണ്ട
സമയമധികം !
തള്ളപ്പക്ഷിയും കുഞ്ഞുങ്ങളും,
തണലോരം വിശ്രമമിടമാക്കിയവരും,
പിന്നെ കിടാവിനെയുറക്കാനൂഞ്ഞാൽ
കെട്ടിയ നാടോടിയും,
മരം വീണാൽ നീറ്റലായ്, പുകച്ചിലായ്,
തൻറെ തണൽമരം
പോയ്പ്പോയതിലുള്ളാധി പറച്ചിലായ്.

# ലഹരിയിൽ മുങ്ങിയ യുവതലമുറ

വ്യ ക്തിയെയും സമൂഹത്തെയും നാശത്തിലേക്ക് മാടിവിളിക്കുന്ന ഭീകരമായ ശീലങ്ങളിലൊന്നാണ് ലഹരി. ഓരോ വ്യക്തിയിലും നല്ല ശീലങ്ങളും ചീത്ത ശീലങ്ങളുമുണ്ട് ജനിച്ചത് വ്യത്യസ്തമായ സാഹചര്യങ്ങളിലൂടെയാണ്. ഓരോ വ്യക്തിയും സ്വന്തമായ സ്വഭാവ ശീലങ്ങളുടെ ഉടമയോ അടിമയോ ആകുന്നത്. നല്ല ശീലങ്ങളുള്ളവർ നന്മനിറഞ്ഞ ലോകത്തെ നിർമിക്കുകയാണ്. ചീത്തശീലങ്ങളുടെ അടിമകൾ ലോകത്തിന്റെ നന്മയ്ക്ക്. തീ കൊടുക്കുകയാണ്.മാനവികതയുടെ മഹത്വത്തിൽ മാരകമായ മുറിവേൽപ്പിക്കുന്ന ലഹരിയുടെ അടിമത്വത്തിൽനിന്ന്. മനുഷ്യർ തിരിച്ച് നടക്കണം.

പ്രളയവും മഹാമാരിയും മനുഷ്യ മനസ്സിൽ സൃഷ്ടിച്ച ഭീതി കുറച്ചൊന്നു ശമിക്കുമ്പോഴേക്കും അതിനേക്കാൾ എത്രയോ മാരകവും ദൂരവ്യാപകവുമായവിവനത്തിനെകുറിച്ചുള്ള ഭീതി കേരളത്തെ പിടിച്ചുലക്കുകയാണ് നാടിന്റെ നട്ടെല്ലായ യുവതലമുറ മയക്കുമരുന്നിൽ അടിമപ്പെട്ടുപോകുന്നു.

ലഹരിക്കടിമപ്പെടുന്നവരിയിൽ 70%ത്തോളം പേർ 15വയസ്സാകുമ്പോഴേക്കും ലഹരി ഉപയോഗിക്കാൻ തുടങ്ങി. കഴിഞ്ഞ 8വർഷങ്ങൾക്കുള്ളിൽ 70%വർധനവുണ്ടെന്നാണ് എക്സൈസ്സ്ഡ് ഡിപ്പാർട്ട് മെന്റിന്റെ കണക്ക്.കേരളത്തിൽ കൗമാരക്കാരിലും യുവാക്കളിലും മദ്യവും മയക്ക് മരുന്നുകളുടെയുംഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. കഞ്ചാവ്, ഹാഷിഷ്, ഭ്യൂപ്രിനോർഫിൻ, നയ്ട്രോസെവം, ബ്രൗൺഷുഗർ, ഹെറോയിൻ എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്ന ഇതിൽ പുറമെ കഫ്സിറപ്പുകൾ ആയുർവേദ അരിഷ്ടങ്ങൾ വെറ്റ്നർ, ഹാൻസ് ഉൾപ്പെടെയുള്ള പാൻ ഉത്പന്നങ്ങളും വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. അന്യസംസ്ഥാനത്തൊഴിലാളികൾ കേരളത്തിൽ വൻതോതിൽ എത്താൻ തുടങ്ങിയതോടെകൂടിയാണ് മയക്ക് മരുന്നുകളുടെ വരവ് കൂടിയതെന്ന് അധികൃതർ പറയുന്നു. ദിനം പ്രതി വാർത്തകളിൽ നിറഞ്ഞ് നിൽക്കുന്നത് തന്നെ കഞ്ചാവ് കേസുകളാണ്.1കിലോ കഞ്ചാവുമായി പിടിയിലായവർ 10,000 രൂപപിഴയും പരമാവധി 6മാസം തടവും മാത്രമേ കിട്ടുകയുള്ളു. അളവിൽ കൂടിയാൽ മാത്രം ശിക്ഷ കൂടിയേക്കാം. എന്നാൽ ഇതിനേക്കാൾ കുറഞ്ഞ അളവിൽ കഞ്ചാവ് കൊണ്ട് നടക്കുന്നവരാണ് ഏറെയും. കേവലം 5% താഴെ മാത്രമേ പിടിക്കപ്പെടുന്നുള്ളു എന്നതാണ് യാഥാർഥ്യം.

ലോകമെമ്പാടും ലഹരിക്കെതിരെ നിരവധി പ്രതിഷേധങ്ങളും ബോധവത്കരണങ്ങളുംനടക്കുമ്പോഴും ആളുകൾക്കിടയിൽ ലഹരി ഉപയോഗം വർധിച്ചുവരുന്നതാണ് നമുക്കാനുഭവം. പ്രബുദ്ധമെന്ന് നാംഅഭിമാനിക്കുന്നകൊച്ചുകേരളവുംഇതിനൊരപവാദമല്ല..

യുവാക്കളിൽ വിരസത, ഏകാന്തത, വിഷാദം എന്നിവയിൽ നിന്നും താത്കാലികമായി മോചനം നേടുന്നതിന് വേണ്ടിയാണ് പലരും മയക്കു മരുന്ന് ഉപയോഗിക്കുന്നത്. പുകവലി പോലെ തികഞ്ഞ ലാഘവത്തോടെ മയക്കു മരുന്ന് ഉപയോഗിച്ച് തുടങ്ങുന്നവർ ക്രമേണഇതിന്റെ അടിമകളായി മാറുന്നു. കഞ്ചാവിൽ അടങ്ങിയിരിക്കുന്ന പ്രധാന രസവസ്തുക്കൾ ടെട്രാ ഹൈഡ്രോകന്നാബിനോളിന്റെ പുക അകത്തു ചെന്നാൽ ഉടൻ ശ്വാസകോശത്തിൽ നിന്ന് രക്തത്തിലേക് കലരുകയും പിന്നീട് തലച്ചോരിലേക് മറ്റു അവയവങ്ങളിലേക്കും വ്യാപിക്കും.. സന്തോഷം, ഓർമശക്തി, ചിന്തകൾ, എകാഗ്രത, സമയ ബോധം തുടങ്ങിയ തലച്ചോറിന്റെ ഭാഗത്തു കന്നാബിനോൾ റിസപ്റ്റുകൾ കൂടുതൽ ഉള്ളത്. ലഹരി ഉപയോഗങ്ങൾ മൂലം എത്രയെത്ര കുടുംബങ്ങളാണ് വഴിയാധാരമായത് കുടുംബ കലഹങ്ങളും മൂലം യുവാക്കളുടെ വൈവാഹിക ജീവിതം വരെ താളം തെറ്റി. പിന്നീട് അത് കോടതി വരാന്തകൾ കയറി ഇറങ്ങേണ്ടി വരുന്ന അവസ്ഥകളിലായി. ലഹരിക്ക് അടിമപ്പെട്ട് കഴിഞ്ഞാൽ തന്നെ അതിൽ നിന്ന് തിരികെ ജീവിതത്തിലേക്കു തിരികെ വരുന്നവർ ചുരുക്കം ചിലർ മാത്രമാണ്.

**പുകവലി ശീലം കുറഞ്ഞു വരുമ്പോൾ തന്നെ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വരുന്നതായാണ് കണക്കുകൾ.മദ്യപിക്കുമ്പോൾ വാസനയുണ്ടാകുമെന്ന് ഭയക്കുന്നവർ മയക്കുമരുന്ന് അഭയമായി മാറുന്നുണ്ട്. നേരത്തെ 50 ന് മുകളിലുള്ളവരായിരുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ചികിത്സക്കെത്തിയെങ്കിൽഇന്നവരുടെ പ്രായം 14 ആണ്.45% കുട്ടികളും +2തലത്തിലെത്തുമ്പോൾതന്നെ മദ്യപിക്കുന്നു. പ്രതിവർഷം 3500നും 4500നും ഇടയിൽ രൂപ മദ്യപിക്കാനായി ചെലവഴിക്കുന്നു.40% പെൺകുട്ടികളും 15നും 17നും ഇടയിലുള്ള പ്രായത്തിൽ ആദ്യത്തെ മദ്യപാനമുണ്ടാകുന്നു.**

**പ്രണയദിനം, ജന്മദിനം, സെന്റോഫ്.... മറ്റു ആഘോഷങ്ങളിലൂടെയും മദ്യപാനത്തിൽ തിടുക്കം കുറിക്കുന്നത്.വിനോദയാത്രയിലുംമറ്റും പോകുന്നതിനിടയിൽ പുഴയിലും കടലിലും കുളിക്കാനിറങ്ങുന്ന കുട്ടികൾ അപകടത്തിൽപ്പെട്ട് മരിക്കുന്ന വാർത്ത പത്രങ്ങളിൽ വല്ലാതെ നിറയുന്നു. പക്ഷെ മരണതനിരയാകുന്നവരിൽ മിക്കവരും മദ്യലഹരിയിൽ മരണപെട്ടതാണെന്നകാര്യം മൂടിവെക്കപ്പെടുകയാണ് ചെയ്യുന്നത്. സാമൂഹിക കുടുംബബന്ധങ്ങളിൽനിന്നും അകലുന്നതോടെ പരാശ്രയജീവിയായി തീരാനും നിർബന്ധിതനാകുന്നു. ലഹരി പദാർത്ഥങ്ങൾ ഉപേക്ഷിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളെ വൈദ്യശാസ്ത്രപരമായി ചികിൽസിച്ചു മാറ്റാൻ ഇന്ന് സംവിധാനങ്ങൾ ഏറെയുണ്ട്. മയക്കുമരുന്നിന് അടിമയാവുകയെന്നത് ഒരു രോഗമാണ് രോഗിയെ സമാധാനിപ്പിക്കുകയും അയാൾക്ക് നഷ്ടപെട്ട ആത്മവീര്യത്തെ വീണ്ടെടുക്കുകയും ചെയ്യുക എന്നതാണ് സാമൂഹിക ഉത്തരവാദിത്വമുള്ള എല്ലാവരുടെയും ബാധ്യത.**

**യുദ്ധവും തീവ്രവാദവും കൊലപാതകങ്ങളും പീഡനങ്ങളും എല്ലാം ലോകം വെറുത്ത ശീലങ്ങളാണ്. എന്നാൽ മദ്യവും മയക്ക് മരുന്നുകളും പുകവലിയും ഒരു വ്യക്തിയുടെ സ്വകാര്യ ജീവിതത്തിലാണ് ബോംബ് ഘർശിക്കുന്നു. വിദ്യാർത്ഥികളെ കുരുക്കിലാക്കാൻ ലഹരിയുടെ ചൂണ്ടയുമായി വിദ്യാലയങ്ങളിൽ അരുകിൽ പതിയിരിപ്പുണ്ട് ചിലർ.ലഹരിയുടെ വിശപ്പാടങ്ങളിൽ നിന്നും രക്ഷനേടാൻ സ്വന്തം നന്മതിരിച്ചറിയുന്ന വിദ്യാർത്ഥികൾക്കെ സാധിക്കു.വിദ്യാർത്ഥികൾ ലഹരിവസ്തുക്കൾ പരീക്ഷിക്കുന്നത്. ലഹരി ആരെയും വിജയിപ്പിച്ചിട്ടില്ല. ലഹരിക്കടിമയാകുന്നവർ നശിക്കുകയുള്ളു. പലരും സ്വകാര്യ പ്രശ്നങ്ങളിൽ നിന്ന് താത്കാലിക വിമുക്തിക്കായാണ് ലഹരിക്ക് കീഴടങ്ങുന്നത്. എന്നാൽ ലഹരി ആരുടെയും ഒരു പ്രശ്നവും ഇതുവരെ പരിഹരിച്ചിട്ടില്ല. ഉറച്ച ലക്ഷ്യ ബോധത്തോടെ മുന്നേറാൻ. ജീവിതത്തിൽ വിജയിക്കാൻ കൊതിക്കുന്നവൻ ലഹരിയിലേക്ക് അടുക്കരുത്. പേരും നേരും നശിപ്പിക്കുന്ന ലഹരിയോട് പുതുതലമുറയിലെ യുവാക്കൾ വിടപറയണം. അല്ലെങ്കിൽ ലഹരി നാമോരോരുത്തരുടെയും ശാശ്വത നഷ്ടത്തിലേക്ക് വഴിയൊരുക്കും.**

**ജീവൻ ഭീഷണിയാകുന്നലഹരിയിൽ നിന്ന് എങ്ങനെ രക്ഷനേടാം**

മദ്യം, മയക്കുമരുന്ന്, പാമസാല, പുകവലി എന്നിങ്ങനെ ഏതുതരം ലഹരിക്കടിമപ്പെട്ടവരും സ്വയം തീരുമാനമെടുത്ത് ഈ ശീലം നിർത്താൻ ശ്രമിക്കുന്നതാണ് നല്ലത്. കുടുംബക്കാരോടും അടുത്ത സുഹൃത്തക്കളോടും തന്റെ തീരുമാനം അറിയിച്ച് പിന്തുണ നേടാവുന്നതാണ്. ഒറ്റ ദിവസം കൊണ്ട് നിർത്തുവാൻ സാധിക്കില്ലെങ്കിൽ ലഹരിയുടെ ഉപയോഗം ക്രമേണ കുറച്ച് ഒരു മാസത്തിനുള്ളിൽ നിരത്താൻ ശ്രമിക്കുക. സ്വന്തം ശ്രമങ്ങൾ വേണ്ടത്ര വിജയിക്കുന്നില്ലെങ്കിൽ ലഹരി വിമുക്ത ചികിത്സ കേന്ദ്രവുമായോഡോക്ടമായോ ബന്ധപ്പെട്ടുക. ലഹരി വിമുക്ത ചികിത്സക്ക് പോയെന്ന് കരുതി സമൂഹം ദൂരമാർഗിയാണെന്ന് വിധിയെഴുമെന്ന ധാരണ ആദ്യം ഒഴിവാക്കണം. ലഹരി ഉപയോഗം നിർത്തുമ്പോഴുണ്ടാകുന്ന മാനസിക ശാരീരിക പ്രശ്നങ്ങൾ ചികിത്സയും ലഹരിവസ്തുക്കളുടെ തുടർന്നുള്ള ഉപയോഗം തടയാനുള്ള ചികിത്സയും ശാസ്ത്രീയമായി നടത്തേണ്ടതാണ്.എല്ലാ കാര്യത്തിനും കുടുംബക്കാരുടെ പിന്തുണയും വേണം. കാരണം ഒരു വ്യക്തിയെ പുതിയ ജീവിതത്തിലേക്കു കൈ പിടിച്ചു കൊണ്ട് വരികയാണ് ചെയ്യുന്നത്. ലഹരി വിമുക്തി നേടുന്ന ഒരാളെ മാനസികമായും ശാരീരിക മായും സാമൂഹികമായും ആദ്യമാത്മികമായും തയ്യാറെടുപ്പിക്കുന്ന രീതിയിൽആണ് ചികിത്സ. ഓരോ രോഗിയുടെയും ചികിത്സ. രോഗത്തിന്റെ തീവ്രത, സ്വഭാവം, ചുറ്റുപാടുകൾ എന്നിവക്കനുസരിച് വ്യത്യസ്തമാണ്. ചികിത്സ ശേഷവും വീണ്ടും ലഹരിയുടെ ചതിക്കുഴിയിൽ പെടാതിരിക്കാനും രോഗിയും കുടുംബവും സുഹൃത്തുക്കളും ഒരേ പോലെ ശ്രദ്ധിക്കേണ്ടതാണ്.

റിസ ഫാത്തിമ . കെ 8 F

# LITTLE KITES ACTIVITIES





















# സീതി സാഹിബ്
## ഹയർ സെക്കണ്ടറി സ്കൂൾ, തളിപ്പറമ്പ

little KITEs

## ലിറ്റിൽ കൈറ്റ്സ്

തളിപ്പറമ്പ നോർത്ത് സബ്ജില്ലയിൽ നിന്നും
ജില്ലാ ക്യാമ്പിലേക് യോഗ്യത നേടിയ





അർജുൻ പണിക്കർ

മുഹമ്മദ് നസൽ നൗഫൽ

## അഭിനന്ദനങ്ങൾ

Seethisahibhsstpba Seethisahibhsstpba Seethisahibhsstpba

# നന്ദി

മുൻപേ നടന്നു
വഴികാട്ടിയവർക്കും കൂടെ
നടന്നു ശക്തി പകർന്നവർക്കും
പുറകിൽ നിന്ന് പിന്തുണ
വെച്ചവർക്കും കലാസൃഷ്ടികൾ
നൽകിയവർക്കും
പ്രതിസന്ധികൾ തരണം
ചെയ്യുവാൻ പ്രോത്സാഹിപ്പിച്ച
ഹെഡ്മാസ്റ്ററിനും
അധ്യാപകർക്കും
ചമത്ക്കാരങ്ങളോടെ
ഈ മാഗസിൻ
സാർത്ഥകമാക്കിയ
എല്ലാവർക്കും കൃതജ്ഞത
പൂർവ്വം കൂപ്പുകൈ

നന്ദി....